# വിഷൻ വോയ്സ്

**മലബാറിൽ നിന്നും നേരറിവിന്റെ വാർത്താ പത്രിക**

NEWS MAGAZINE

VOL.1 ISSUE 12 | PAGES 08 | PUBLISHED FROM WANDOOR • FOR PRIVATE CIRCULATION ONLY | November 2017


# ഐ.പി.സി. മലബാർ മേഖല കൺവൻഷനു ഭക്തിനിർഭരമായ തുടക്കം




*ഐ.പി.സി. മലബാർ മേഖല കൺവൻഷൻ പാസ്റ്റർ വി.ജെ. ജോർജ്ജ് ഉദ്ഘാടനം ചെയ്യുന്നു.*

**എടക്കര:** ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭ മലബാർ മേഖല കൺവൻഷനു പാലുണ്ട ന്യൂ ഹോപ്പ് ഗ്രൗണ്ടിൽ തുടക്കമായി. ബുധനാഴ്ച വൈകിട്ട് മേഖലാ രക്ഷാധികാരി പാസ്റ്റർ വി.ജെ ജോർജ് ഉദ്ഘാടനം ചെയ്തു.

തിന്മയ്ക്കെതിരെ പോരാടുന്നതാണ് യഥാർത്ഥ ദൈവ ഭക്തിയെന്ന് അദ്ദേഹം പറഞ്ഞു. ''കഷ്ടപ്പെടുന്നവരോടും ദുരിതമനുഭവിക്കുന്നവരോടും നന്മ ചെയ്യുന്നവരോടും ഒപ്പമാണ് ദൈവമുള്ളത്. സമാധാനമുണ്ടാക്കുന്നവർ ഭാഗ്യവാന്മാരാണ്.''

മേഖല സെക്രട്ടറി പാസ്റ്റർ ബിജോയ് കുര്യാക്കോസ് അദ്ധ്യക്ഷനായിരുന്നു. കേരളാ സംസ്ഥാന സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലിൽ മുഖ്യ പ്രഭാഷണം നടത്തി. സംസ്ഥാന ട്രഷറാർ ജോയി താനുവേലിൽ, മേഖല പ്രസിഡണ്ട് പാസ്റ്റർ ജോൺ ജോർജ്, വൈസ് പ്രസിഡണ്ടുമാരായ പാസ്റ്റർ മോനി ചെന്നിത്തല, പാസ്റ്റർ സന്തോഷ് മാത്യു, ജോയിന്റ് സെക്രട്ടറിമാരായ കെ.സി.സക്കറിയ, ജയിംസ് വർക്കി, ട്രഷറാർ ജോർജ് തോമസ് വടക്കുഞ്ചേരി എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ ബാബു മഞ്ചേരിയുടെ നേതൃത്വത്തിൽ സംഗീത ശുശ്രൂഷ നടന്നു.

നവംബർ 19 ഞായറാഴ്ച മേഖലാ പ്രസിഡണ്ട് പാസ്റ്റർ ജോൺ ജോർജ് നേതൃത്വം നല്കുന്ന തിരുവത്താഴത്തോടെയും സംയുക്ത ആരാധനയോടെയും കൺവൻഷൻ സമാപിക്കും. രാത്രിയോഗങ്ങളിൽ പാസ്റ്റർമാരായ അനീഷ് കാവാലം, കെ.എം.ജോർജ്ജ്, രാജു മേത്ര, ഫിലിപ്പ് പി. തോമസ്, രാജു പൂവക്കാല, എന്നിവർ പ്രസംഗിച്ചു.

വെള്ളിയാഴ്ച പകൽ സോദരി സമ്മേളനത്തിൽ സൂസൻ തോമസ് മുഖ്യ പ്രഭാഷണം നടത്തി. ശനിയാഴ്ച 3 ന് മേഖലാ യുവജന സമ്മേളനത്തിൽ പ്രസിഡണ്ട് സാം കൊണ്ടാഴി, പാസ്റ്റർ വി.പി.ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു.

# ഐ.പി.സി. കേരളാ സ്റ്റേറ്റ് ശുശ്രൂഷക സമ്മേളനത്തിനു അനുഗ്രഹ സമാപ്തി

## പെന്തെക്കോസ്തിന്റെ പൂർവ്വകാലത്തേക്കുള്ള മടങ്ങിവരവ് സഭാ വളർച്ചയ്ക്ക് അനിവാര്യം – പാസ്റ്റർ രവി മണി




**നിലമ്പൂർ:** പിതാക്കന്മാർ ചെയ്തതുപോലെ പരിശുദ്ധാത്മാവോടു കൂടി പ്രവർത്തിക്കുകയും ജീവിത വിശുദ്ധി കാത്തു പരിപാലിക്കുകയും ചെയ്താൽ കേരളത്തിലെ സഭാ വളർച്ച ത്വരിതമാകുമെന്ന് പാസ്റ്റർ രവി മണി പ്രസ്താവിച്ചു. കേരളത്തിലെ പെന്തെക്കോസ്ത് സഭകളുടെ വളർച്ച ആഗോളതലത്തിൽ പഠന വിഷയമായിരുന്നു. സുവിശേഷ പ്രവർത്തനത്തിന്റെ ശവപ്പറമ്പ് എന്നറിയപ്പെടുന്ന കർണ്ണാടക ഇന്ന് വേഗം മാറിക്കൊണ്ടിരിക്കുന്നു. ഇതിനു സഹായകരമായത് കേരളത്തിലെ സഭാ വളർച്ചയുടെ മോഡലാണ്. ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭ കേരളാ സംസ്ഥാന ശുശ്രൂഷക സമ്മേളനത്തിനു 'സഭാ വളർച്ച' എന്ന വിഷയത്തെ ആധാരമാക്കി ക്ലാസെടുക്കുകയായിരുന്നു പാസ്റ്റർ രവി മണി.

നവംബർ 14,15 തീയതികളിൽ പാലുണ്ട ന്യൂ ഹോപ്പ് ബൈബിൾ കോളേജ് ഗ്രൗണ്ടിൽ നടന്ന സമ്മേളനം സംസ്ഥാന പ്രസിഡണ്ട് പാസ്റ്റർ കെ.സി.തോമസ് ഉദ്ഘാടനം ചെയ്തു.

''യേശുക്രിസ്തു സ്വർഗ്ഗാരോഹണത്തിനു മുമ്പ് ശിഷ്യഗണത്തോട് ''നിങ്ങൾ ശക്തി ലഭിച്ചിട്ട് എന്റെ സാക്ഷികൾ ആകണമെന്ന്'' അരുളിച്ചെയ്തു. എന്റെ രക്തസാക്ഷികളാകുവാൻ സമർപ്പിതരാകുവിൻ

*ശേഷം പേജ് 2–ൽ*

# ഐ.പി.സി. സംസ്ഥാന കൺവൻഷന് ഒരുക്കങ്ങൾ പൂർത്തിയായി

**സജി മത്തായി കാതേട്ട്**
**മീഡിയ ചെയർമാൻ**

**കോട്ടയം:** ഐ.പി.സി കേരള സ്റ്റേറ്റ് കൺവൻഷനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. ഡിസംബർ 5 മുതൽ 10 വരെ കോട്ടയം നെഹ്രു സ്റ്റേഡിയത്തിൽ നടക്കുന്ന കൺവൻഷനിൽ പാസ്റ്റർ രവി മണിയും റവ. അനിസൻ സാമുവേലും മുഖ്യ പ്രസംഗകരാണ്.

ഡിസംബർ 5 ചൊവ്വ വൈകിട്ട് 6.30–ന് പാസ്റ്റർ കെ.സി.തോമസ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ ജേക്കബ് ജോൺ, കെ.സി.ജോൺ, രാജു പൂവക്കാല, ഷിബു നെടുവേലിൽ, സി.സി. ഏബ്രഹാം, വിൽസൺ ജോസഫ്, കെ.എം ജോസഫ്, തോമസ് ഫിലിപ്പ്, സാം ജോർജ്, ഫിലിപ്പ് പി.തോമസ്, ബാബു ചെറിയാൻ, സണ്ണി കുര്യൻ, വർഗീസ് ഏബ്രഹാം, കെ.ജെ തോമസ്, ബി.മോനച്ചൻ എന്നിവരും പ്രസംഗിക്കും.

നവംബർ 5 ബുധനാഴ്ച മുതൽ ശനിവരെ എല്ലാ ദിവസവും പകൽ പവർ കോൺഫറൻസ്, വെള്ളി ഉച്ചകഴിഞ്ഞ് സോദരി സമ്മേളനം, ശനിയാഴ്ച ഉച്ചകഴിഞ്ഞ് പി.വൈ.പി.എ, സണ്ടേസ്കൂൾ സമ്മേളനം, ഐ.പി.സിയിലെ എഴുത്തുകാരുടെയും മാധ്യമ പ്രവർത്തകരുടെയും സമ്മേളനം, ഞായറാഴ്ച രാവിലെ 8.30 മുതൽ സംയുക്ത ആരാധനയും കർത്തൃ മേശയും നടക്കും. സംസ്ഥാന കൺവൻഷൻ ക്വയർ സംഗീത ശുശ്രൂഷ നിർവഹിക്കും. ഡോ. ബ്ലസ്സൻ മേമന സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നല്കും. സംസ്ഥാന ഭാരവാഹികളായ ബ്രദർ ജോയി താനുവേലിൽ, മോനി കരിക്കം, സജി പോൾ തുടങ്ങിയവർ നേതൃത്വം നല്കും.

# വിഷൻ വോയ്സ്

**വാർത്താ പത്രിക**

1193 തുലാം – വൃശ്ചികം


എഡിറ്റോറിയൽ

## അന്യഗ്രഹ ജീവികൾ

അന്യഗ്രഹങ്ങളിലെ ജീവന്റെ സാധ്യതയെക്കുറിച്ചു ഗവേഷണം ചെയ്യുന്ന 'ബ്രേക്ക് ത്രൂ ലിസൽ' പദ്ധതിയുടെ റഡാറിൽ പുതിയതായി 15 റേഡിയോ തരംഗങ്ങൾ ലഭിച്ചു. ഭൂമിയിൽ നിന്നും 300 കോടി പ്രകാശവർഷം അകലെയുള്ള നക്ഷത്രസമൂഹത്തിലാണ് തരംഗങ്ങളുടെ പ്രഭവകേന്ദ്രം.

എന്നാൽ അന്യഗ്രഹജീവികൾ ഉപയോഗിക്കുന്ന സ്പേസ് ക്രാഫ്റ്റുകളിൽ നിന്നാണ് ഇവ എത്തിയതെന്നാണ് ബ്രേക്ക് ത്രൂ ലിസൽ പദ്ധതിയിലെ ഒരു വിഭാഗം ശാസ്ത്രജ്ഞരുടെ നിഗമനം.

ലോകം കണ്ട വിഖ്യാത ശാസ്ത്രജ്ഞൻ സ്റ്റീഫൻ ഹോക്കിൻസും അന്യഗ്രഹ ജീവി ഉണ്ടെന്നും അവർ വിഭവങ്ങൾക്കായി ഭൂമിയെ കയ്യടക്കുമെന്നും, ഇന്നും നാം അറിയാതെ അവർ ഭൂമിയിൽ വന്നുപോകുന്നുവെന്നും ഭൂമിയിൽ ചിലരോട് അവർ ബന്ധപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം ഉറപ്പോടെ പറയുന്നു.

റോസ്പൽ, മോർസിക്ക്, പ്രക്രറിംഗ് തുടങ്ങിയ മൂന്നുനാല് തരത്തിലുള്ള അന്യഗ്രഹജീവികൾ ഭൂമിയിൽ വന്നു പോകുന്നതായാണ് ശാസ്ത്രജ്ഞരുടെ അനുമാനം.

വചനാടിസ്ഥാനത്തിൽ കർത്താവിന്റെ മടങ്ങിവരവ് വേഗത്തിൽ സംഭവിക്കുമെന്നു ലോകത്തിന്റെ ഗതികളും സമകാലിക സംഭവങ്ങളും എല്ലാം വിളിച്ചറിയിക്കുന്നു. അധർമ്മ മൂർത്തികൾ ഭൂമിയുടെ മേൽ കണ്ണുവച്ചിരിക്കുന്നു. ചില മാസങ്ങൾക്കു മുമ്പ് വടക്കാംഞ്ചേരി, വാഴാടി വനമേഖലകളിൽ കണ്ടെത്തിയ വിചിത്ര ജീവി ഒരു അത്ഭുതമായിരിക്കയാണ്. ഫ്ളാഷ് സംവിധാനമുള്ള ക്യാമറയിൽ പതിഞ്ഞ ചിത്രങ്ങൾ ക്യാമറയ്ക്കു പോലും കേടുവരുത്തിയതായി പറയപ്പെടുന്നു. കൂടാതെ മനുഷ്യരെയും മൃഗങ്ങളെയും അത് ഉപദ്രവിച്ചു.

ഭൂമിക്ക് അടിയിലെ ടണലിലൂടെ പറക്കുംതളികയിൽ സഞ്ചരിക്കുന്ന അന്യഗ്രഹജീവികളെ കണ്ടതായി ചിലർ അഭിപ്രായപ്പെട്ടു. ഇത്തരം പറക്കുംതളികകൾ ചന്ദ്രനിൽ ഉള്ളതായും കരുതുന്നവരുണ്ട്.

ഇന്ന് നമ്മുടെ സമീപപ്രദേശങ്ങളിൽ തന്നെ വിചിത്രജീവികൾ വന്ന് വളർത്തുമൃഗങ്ങളെ കൊല്ലുന്നതായി വാർത്തകൾ പ്രചരിക്കുന്നു. ഇവ കൊല്ലുന്നത് സമാന രീതിയിലാണ്. വെളിപ്പാട് 9–ാമദ്ധ്യായത്തിൽ പരാമർശിക്കുന്ന അഗാധകൂപത്തിൽ നിന്നും വരുന്ന വെട്ടുക്കിളി അഥവാ മോഡേൺ വാർ ഫേർ ആയിരിക്കാം ഈ ജീവികൾ എന്നു ചിലർ അഭിപ്രായപ്പെടുന്നു.

അന്യഗ്രഹജീവികൾ ഭൂമിയെ കൈവശമാക്കുമ്പോൾ ഭൂമിയിൽ മല്ലന്മാർ വീണ്ടും വരുവാൻ സാദ്ധ്യതയുണ്ട്. ഉല്പ. 6–ാം അദ്ധ്യായത്തിൽ പറയുന്നതുപോലെ മല്ലനായ ഗോല്യാത്തിനെ പോലുള്ളവർ ഭൂമിയിൽ വീണ്ടുംവരും.

ഇത്തരം വാർത്തകളും സംഭവങ്ങളും നമ്മെ ഭ്രമിപ്പിക്കുകയല്ല, നമ്മുടെ നാഥൻ അടുക്കൽ വാതില്ക്കൽ ആയിരിക്കുന്നു എന്ന പ്രത്യാശ നമ്മിൽ നിറയ്ക്കട്ടെ.



**പാസ്റ്റർ അനിൽ ജോൺ**
പത്രാധിപർ

## ഐ.പി.സി. കേരളാ സ്റ്റേറ്റ് ശുശ്രൂഷക സമ്മേളനം...

എന്നായിരുന്നു അതിന്റെ പൊരുൾ. ഒന്നാം നൂറ്റാണ്ടിൽ സഭ രൂപംകൊള്ളുന്നതിനു ചില മണിക്കൂറുകൾക്കു മുമ്പ് 120 പേർ ഒരുമനപ്പെട്ട് പ്രാർത്ഥിച്ചപ്പോൾ പരിശുദ്ധാത്മാവിന്റെ ശക്തി ഇറങ്ങിവന്നു. ആ ഒറ്റ ദിവസം സഭയിൽ 120 പേരായി. പിന്നീട് 3120 പേരായി സഭ വളർന്നു. പിന്നീട് 5000 പേരായി. ഒന്നാം നൂറ്റാണ്ടിൽ തന്നെ യെരുശലേമിലെ സഭ മെഗാ ചർച്ചായി വളർന്നു. ഒന്നാം നൂറ്റാണ്ടിൽ തന്നെ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്ക് ആത്മഭാരത്തോടെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ശിഷ്യഗണങ്ങൾ കടന്നുപോയി. ഇന്ത്യയിലും ഒന്നാം നൂറ്റാണ്ടിൽ തന്നെ സുവിശേഷ പ്രവർത്തനങ്ങൾ ആരംഭിച്ചു. ആദ്യനൂറ്റാണ്ടിൽ തന്നെ ദൈവസഭയെ ആളുകൾ വളരെ ആശ്ചര്യത്തോടെയാണ് നോക്കിയിരുന്നത്. കാരണം ഭൂമിയെ കീഴ്മേൽ മറിക്കുന്നവരായിത്തീർന്ന ഒരു കൂട്ടം ആളുകൾ പരിശുദ്ധാത്മാവിനാൽ നിറഞ്ഞപ്പോൾ അവർ ആളുമാറിയവരെപ്പോലെ ആയിത്തീർന്നു.'' ഉദ്ഘാടനപ്രസംഗത്തിൽ പാസ്റ്റർ കെ.സി. തോമസ് പ്രസ്താവിച്ചു.

മലബാർ മേഖലാ പ്രസിഡണ്ട് പാസ്റ്റർ ജോൺ ജോർജ്ജ് അദ്ധ്യക്ഷനായിരുന്നു. സംസ്ഥാന സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലിൽ വിഷയാവതരണം നടത്തി.

പാസ്റ്റർമാരായ രാജു പൂവക്കാല, സി.സി.ഏബ്രഹാം, ബ്രദ.ജോയി താനുവേലിൽ, പാസ്റ്റർമാരായ മാത്യു തോമസ്, കെ.സി ഉമ്മൻ, ബിജോയ് കുര്യാക്കോസ്, തുടങ്ങിയവർ വിവിധ വിഷയങ്ങളെക്കുറിച്ച് ക്ലാസെടുത്തു.

കൗൺസിൽ അംഗങ്ങളാ യ സജി മത്തായി കാതേട്ട്, വി.സി.മാത്യു, വി.എസ്. ചാക്കോ, സാംകുട്ടി കോഴാമല, ചാക്കോ ദേവസ്യ ,ജോർജ് തോമസ് വടക്കുംഞ്ചേരി തുടങ്ങിയവർ വിവിധ സെഷനുകൾക്ക് നേതൃത്വം നല്കി. മലബാറിലെ 30 സെന്ററുകളിൽ നിന്നായി 420 ശുശ്രൂഷകന്മാർ പങ്കെടുത്തു.

**സജി മത്തായി കാതേട്ട്**

# ഐ.പി.സി. സംസ്ഥാന കൺവൻഷൻ: സംയുക്ത പ്രാർത്ഥന നവംബർ 24 ന്

കോട്ടയം: ഡിസംബർ 5 മുതൽ 10 വരെ കോട്ടയം നെഹ്റു സ്റ്റേഡിയത്തിൽ നടക്കുന്ന ഐ.പി.സി സംസ്ഥാന കൺവൻഷന്റെ അനുഗ്രഹത്തിനായി നടന്നു വരുന്ന പ്രാർത്ഥന യോഗങ്ങളുടെ സമാപന പ്രാർത്ഥന നവംബർ 24 ന് വെള്ളിയാഴ്ച കോട്ടയം തിയോളജിക്കൽ സെമിനാരിയിൽ നടക്കും. കോട്ടയം ജില്ലയിലെ എല്ലാ ഐ.പി.സി സഭകളിൽ നിന്നും ശുശ്രൂഷകന്മാരും വിശ്വാസികളും പങ്കെടുക്കും.

പാസ്റ്റർ കെ.സി.തോമസ് അദ്ധ്യക്ഷനായിരിക്കും. പാസ്റ്റർമാരായ ഷിബു നെടുവേലിൽ, രാജു പൂവക്കാല, സി.സി. ഏബ്രഹാം, സുധീർ വർഗീസ്, ബ്രദർ ജോയി താനുവേലിൽ, ബ്രദർ മോനി കരിക്കം എന്നിവർ പ്രസംഗിക്കും.

## ഐ.പി.സി.മലബാർ മേഖല മിഷൻ ഡയറക്ടേഴ്സ് ചുമതലയേറ്റു

**നിലമ്പൂർ:** ഐ.പി.സി. മലബാർ മേഖല മിഷൻ ഡയറക്ടർമാരായി ഡോ. ജോയി ഏബ്രഹാമും ഡോ.വിൽസൺ വർക്കിയും ചുമതലയേറ്റു.

മലബാറിൽ 34 സെന്ററുകളിലായി 534 സഭകളാണ് ഐ.പിസിക്ക് ഉള്ളത്. ഇതിൽ 238 സഭകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. യാതൊരു വിധ സാമ്പത്തികസഹായങ്ങളുമില്ലാതെ 150 സഭകൾ പ്രവർത്തിക്കുന്നു. 34 പഞ്ചായത്തുകളിൽ പെന്തെക്കോസ്തു കൂട്ടായ്മകളൊന്നും ഇല്ല. നിലവിൽ മലബാറിൽ ചില സെന്ററുകൾക്ക് ഹൂസ്റ്റൺ, ഡാളസ്, കുവൈറ്റ്, തുടങ്ങിയ സഭകളിൽ നിന്നും മറ്റു വ്യക്തിപരമായ സഹായങ്ങളുമാണ് ലഭിക്കുന്നത്.



പാസ്റ്റർ ജോയി ഏബ്രഹാം



ഡോ. വിൽസൺ വർക്കി

മലബാറിലെ സുവിശേഷ മുന്നേറ്റത്തിനായി മറ്റു മിഷൻ ഡയറക്ടർമാരെയും നിയമിക്കുന്നതിനായി മലബാർ മേഖല തീരുമാനിച്ചതായി മേഖല സെക്രട്ടറി പാസ്റ്റർ ബിജോയ് കുര്യാക്കോസ് പറഞ്ഞു. ഈ വർഷം പുതിയതായി ആരംഭിക്കുന്ന 50 പ്രവർത്തനമേഖലകൾക്ക് ഇരുവരും നേതൃത്വം നല്കും. തൃശൂർ സ്വദേശിയായ ഡോ. ജോയി ഏബ്രഹാം മികച്ച വേദാദ്ധ്യാപകനും പ്രസംഗകനും സംഘാടകനുമാണ്. അമേരിക്കയിലെ ഒർലാന്റോ ക്രിസ്ത്യൻ അസംബ്ലിയുടെ സീനിയർ പാസ്റ്ററായ അദ്ദേഹം പിസിനാക്ക് നാഷണൽ കൺവീനർ, ഐ.പി.സി.നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയൻ പ്രസിഡണ്ട്, പി.വൈ.പി.എ കേരളാ സ്റ്റേറ്റ് വൈസ് പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

മലപ്പുറം സ്വദേശിയായ ഡോ. വിൽസൺ വർക്കി വിവിധ സെമിനാരികളിൽ വേദാദ്ധ്യാപകനാണ്. കോട്ടയം ഐ.പി.സി സെമിനാരിയിൽ അക്കാദമിക് ഡീനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ ന്യൂയോർക്ക് ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലിയിൽ സീനിയർ പാസ്റ്ററായി പ്രവർത്തിക്കുന്നു.


**EDITORIAL BOARD**

**ചീഫ് എഡിറ്റർ**
പാസ്റ്റർ അനിൽ ജോൺ

**മാനേജിംഗ് എഡിറ്റർ**
പാസ്റ്റർ ജോൺ മമ്മരപ്പള്ളി

**എഡിറ്റർ** : പാസ്റ്റർ ലാലു ചാക്കോ

**മാനേജർ** : തോമസ് കുട്ടി ഐക്കുഴ

**അസോസിയേറ്റ് എഡിറ്റേഴ്സ്**
ഡോ.സണ്ണി ഫിലിപ്പ്, രാജേഷ് പാണ്ടിക്കാട്
ഡോ. സാജൻ സി. മാത്യു, പാസ്റ്റർ സജിമോൻ സ്കറിയ (ഓസ്ട്രേലിയ)

**ജനറൽ കോർഡിനേറ്റേഴ്സ്:**
ബ്രദ. റെജി മമ്മരപ്പള്ളി (USA)
ബ്രദ. ജേക്കബ് വർഗ്ഗീസ് (ന്യൂയോർക്ക്)

**മാർക്കറ്റിംഗ് മാനേജർ**
പാസ്റ്റർ ബിനിഷ് പി.ബേബി

**കോർഡിനേറ്റേഴ്സ്**
പാസ്റ്റർ ഒ.ജെ. തോമസ്,കാരക്കുന്ന്
പാസ്റ്റർ സ്റ്റീഫൻ മാത്യു
പാസ്റ്റർ ബിനു പോൾ
ബ്രദ.ലാലുമോൻ പി.എ
ബ്രദ. ബിജോയ് കാരപ്പുറം
പാസ്റ്റർ സൈമൺ കാസർഗോഡ് ജില്ല
പാസ്റ്റർ ഷിജു കുര്യൻ കണ്ണൂർ)
ബ്രദ. ജോസ് പണ്ടകശാല (ദുബെയ്)
ബ്രദ. രാമചന്ദ്രൻ (ഷാർജ)



വിലാസം: വിഷൻ വോയ്സ്, വണ്ടൂർ പി.ഒ, നിലമ്പൂർ, മലപ്പുറം – 679328
Ph.: 8138886600, Email: visionvoicewdr@gmail.com
Layout: vbabykylm@gmail.com



# നിങ്ങൾ ഒരു വ്യസനപാത്രമോ?



ഡാനിയേൽ മുട്ടപ്പള്ളി

ജീവിതത്തിൽ വ്യസനത്തിന്റെ ഗർത്ത പരിധികൾ അളക്കാത്ത ആരും ഉണ്ടാകില്ല. ജീവിതത്തിന്റെ പരിശോധനകളെ ദൈവത്തിന്റെ പണിശാല എന്നു വിശേഷിപ്പിക്കുന്ന ഭക്തന്മാർ നിരവധിയാണ്. അങ്ങനെ പറയുവാൻ അവരെ പ്രേരിപ്പിക്കുന്ന ഘടകം അനുഭവങ്ങളും ദൈവവചന ചരിത്രവുമത്രേ. വ്യസനത്തെ വേദനയെന്നോ ദുഃഖമെന്നോ ഒക്കെ നമുക്കു വ്യാഖ്യാനിക്കാം. ജീവിതത്തിൽ നാം നേരിടുന്ന വ്യസന നിമിഷങ്ങൾ ദൈവത്തിന്റെ പദ്ധതി തന്നെ. ചുരുക്കി പറഞ്ഞാൽ ദൈവത്തിന്റെ പണിശാലയിലെ തിക്താനുഭവങ്ങൾ മാത്രം.

വേദപുസ്തകം പഠിച്ചാൽ, ദൈവത്തിന്റെ പണിശാലയിലൂടെ പുറത്തുവന്നവരെല്ലാം ശ്രേഷ്ഠ മാനപാത്രമായി മാറ്റപ്പെട്ടു. തുളുമ്പുന്ന അഭിഷേകവുമായി അവർ ദൈവസന്നിധിയിൽ നിറഞ്ഞു ശോഭിച്ചു. ദൈവഹിതപ്രകാരമുള്ള വ്യസനം ചില ശുശ്രൂഷകളുടെ മുന്നോടി എന്നു നമുക്ക് ഇതിൽ നിന്നും അനുമാനിക്കാം.

വേദപുസ്തക ചരിത്രത്തിൽ വ്യസനപാത്രം എന്ന ഖ്യാതി നേടിയ വ്യക്തി യബ്ബേസ് ആണ് (1 ദിന.4:9,10). വളരെ ചുരുങ്ങിയ വാക്യങ്ങളിൽ ഒതുങ്ങുന്ന യബ്ബേസിന്റെ ചരിത്രം മറ്റു ദൈവഭക്തന്മാർക്കൊപ്പം നിലനിൽക്കുന്നു. അതിന്റെ കാരണങ്ങളും ആ വാക്യങ്ങളിൽ വ്യക്തം. സഹോദരന്മാരെക്കാൾ ഏറ്റവും മാന്യൻ എന്ന യാഥാർത്ഥ്യം യബ്ബേസിനെ ഭക്തരുടെ ഗണത്തിൽ ഉൾപ്പെടുത്തി.

യബ്ബേസിനെ വ്യസനപുത്രൻ എന്ന് ആദ്യം വിളിച്ചത് ജന്മം നൽകിയ മാതാവ് തന്നെ. അവഗണനയുടെ തുടക്കവും കുടുംബത്തിൽ നിന്നു തന്നെ ആയിരുന്നു. പക്ഷേ, അവൻ പതറിയില്ല. പെറ്റമ്മ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല എന്നു പറഞ്ഞ ദൈവസന്നിധിയിൽ പ്രാർത്ഥനാ ഉടമ്പടികളുമായി അവൻ താണിരുന്നു. നമുക്കെതിരെ മനുഷ്യർ എഴുതുന്ന വിധികളെ മാറ്റിയെഴുതുവാൻ കഴിവുള്ള ഒരുവൻ ഇന്നും ജീവിക്കുന്നു എന്ന് യബ്ബേസ് തെളിയിച്ചു. ''ദൈവം അനുകൂലമെങ്കിൽ പ്രതികൂലം ആര്?''(റോമ.8:31) എന്ന പൗലൊസിന്റെ ദർശനവും ഈ സന്ദർഭത്തിന് അനുയോജ്യമാണ്.

മാതാവിനു പോലും പ്രതീക്ഷയില്ലാതെ ജന്മമെടുത്ത യബ്ബേസ്, ദൈവസന്നിധിയിൽ മാന്യനായി നിലകൊണ്ടു. അമ്മ സന്തോഷത്തോടെ ജന്മം നൽകിയ മക്കളെക്കാളും മാന്യൻ. മനുഷ്യൻ തള്ളിയതിനെ ഉയർത്തുവാൻ ഇറങ്ങിവന്ന ദൈവത്തിന്റെ കരവിരുത് അവനിൽ വെളിപ്പെട്ടു. തിരസ്കരണത്തിന്റെ വക്കിൽ ജീവിച്ച യബ്ബേസിനു വേണ്ടി ദൈവം പുതുവഴി തുറന്നു.

വ്യസനപാത്രമെന്നു മുദ്രകുത്തപ്പെട്ട യബ്ബേസ് തളരാതെ പ്രാർത്ഥനയുടെ വജ്രായുധം ധരിച്ചു. പ്രാർത്ഥനയിൽ അക്കമിട്ടുകൊണ്ട് തന്റെ ആവശ്യങ്ങൾ ദൈവസന്നിധിയിൽ വെച്ചു. യബ്ബേസിന്റെ പ്രാർത്ഥനയെ നാലു ഭാഗങ്ങളായി തിരിക്കാം.

**1. അനുഗ്രഹം**

കരയാൻ വേണ്ടി വിധിക്കപ്പെട്ട യബ്ബേസ് 'നീ എന്നെ നിശ്ചയമായും അനുഗ്രഹിക്കണ'മെന്നുള്ള അവകാശവാദം ദൈവസന്നിധിയിൽ വെച്ചു. മക്കളെങ്കിലോ സകലത്തിനും അവകാശികൾ എന്ന യാഥാർത്ഥ്യം യബ്ബേസ് ഉൾക്കൊണ്ടു. ''എന്നെ അനുഗ്രഹിക്കേണമേ'' എന്നുള്ള യാചനയുടെ ശബ്ദമല്ല യബ്ബേസിന്റെ അധരത്തിൽ നിന്നും പുറപ്പെട്ടത്, മറിച്ച്, 'നീ എന്നെ അനുഗ്രഹിച്ചേ പറ്റൂ' എന്ന വാശി അവന്റെ പ്രാർത്ഥനയിൽ മുഴങ്ങി. യാക്കോബ് ദൂതന്റെ കയ്യിൽ നിന്നും മൽപ്പിടുത്തത്തിലൂടെ അനുഗ്രഹം നേടിയതുപോലെ യബ്ബേസും ദൈവസന്നിധിയിൽ മൽപ്പിടുത്തം നടത്തി. ശാപത്തെ കാണിക്കുന്ന വ്യസനത്തിൽ നിന്നും അനുഗ്രഹം എന്ന ദൈവപദ്ധതിയിലേക്കുള്ള യാത്രയ്ക്ക് ഈ പ്രാർത്ഥന മുഖാന്തരമായി.

**2. അതിർ വിസ്താരമാക്കുക**

യബ്ബേസിന്റെ പ്രാർത്ഥനയുടെ രണ്ടാമത്തെ വിഷയം വിശാലത ആയിരുന്നു. ''ഞാൻ ഞെരുക്കത്തിൽ ഇരുന്നപ്പോൾ നീ എനിക്കു വിശാലത വരുത്തി'' സങ്കീ.4:1). നമ്മുടെ ദൈവം വിശാലതയുടെ ദൈവം എന്നു ദാവീദും നമ്മെ പ്രബോധിപ്പിക്കുന്നു. വ്യസനപുത്രൻ എന്ന് ആലേഖനം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും ആ പേരിൽ ഒതുങ്ങിക്കൂടുവാൻ അവൻ ആഗ്രഹിക്കുന്നില്ല. വിശാലത ജീവിതത്തിൽ വെളിപ്പെടുവാൻ ദൈവത്തോടു പ്രാർത്ഥിച്ചു.

**3. നിന്റെ കരം എന്നോടു കൂടെ ഇരിക്കണം**

യഹോവയുടെ കരം യബ്ബേസിനോടു കൂടെ ഇരിക്കണം എന്നത് തന്റെ പ്രാർത്ഥനയുടെ മൂന്നാമത്തെ വിഷയമായി. മനുഷ്യന്റെ കരങ്ങൾ പൊളിക്കുന്നതാണ്, പക്ഷേ, യഹോവയുടെ കരങ്ങൾ പണിയുന്നതത്രേ. ആരൊക്കെ തകർക്കാൻ തക്കം പാർത്തിരുന്നാലും യഹോവയുടെ കരം പണിത് അത്ഭുതസൃഷ്ടിയായി പുറത്തുകൊണ്ടുവരുമെന്ന് യബ്ബേസിന് അറിയാം. അതിനാൽ യഹോവയുടെ കരം തനിക്ക് അനുകൂലമായി വെളിപ്പെടുവാൻ അവൻ ദൈവസന്നിധിയിൽ പ്രാർത്ഥിച്ചു.

**4. സംരക്ഷണം**

അനർത്ഥം വ്യസനകാരണമാകാതെ എന്നെ സംരക്ഷിക്കണം എന്നതാണ് യബ്ബേസിന്റെ പ്രാർത്ഥനയുടെ അവസാന ഉടമ്പടി. ജന്മംകൊണ്ടു താൻ ഒരു വ്യസനമാണ്. പേരിൽ പോലും ആ വേദന തെളിഞ്ഞുനിൽക്കുന്നു. ജീവിതത്തിൽ പതിയിരിക്കുന്ന അനർത്ഥങ്ങളും ആ വ്യസനത്തിന്റെ അർത്ഥം കൂടുതൽ വ്യക്തമാക്കരുതെന്ന് യബ്ബേസ് ആഗ്രഹിച്ചു. അതിനാൽ തന്റെ പ്രാർത്ഥനയിൽ ദൈവീക സംരക്ഷണം ചോദിച്ചു. ''ഒരു അനർത്ഥവും നിനക്കു ഭവിക്കയില്ല; നിന്റെ എല്ലാ വഴികളിലും നിന്നെ കാക്കേണ്ടതിന് തന്റെ ദൂതന്മാരോടു കൽപ്പിക്കും'' (സങ്കീ.91:10,11) എന്ന വചനം ദൈവത്തിനു നമ്മെപ്പറ്റിയുള്ള കരുതൽ വ്യക്തമാക്കുന്നു. ''യഹോവ പട്ടണം കാക്കാതിരുന്നാൽ കാവൽക്കാരൻ വൃഥാ ജാഗരിക്കുന്നു'' (സങ്കീ.127:1) എന്ന വാക്യവും യഹോവയുടെ സംരക്ഷണത്തിന്റെ ആഴം നമ്മെ പഠിപ്പിക്കുന്നു. ദൈവം നമ്മെ സംരക്ഷിക്കുന്നില്ലെങ്കിൽ നാം എത്ര ശ്രമിച്ചാലും സംരക്ഷണം പൂർണ്ണമാകില്ല. എന്നാൽ ആരും നമ്മുടെ കൂടെ ഇല്ലെങ്കിലും ദൈവം തന്റെ ദൂതന്മാരോടു നമ്മെ സംരക്ഷിക്കുവാൻ ഏൽപ്പിച്ചാൽ അനർത്ഥം നമുക്കു വ്യസനകാരണമാകാതെ മുന്നേറുവാൻ കഴിയും. ഇതു മനസ്സിലാക്കിയ യബ്ബേസ് തന്റെ ജീവിതത്തെ സംരക്ഷിക്കണമെന്നു പ്രാർത്ഥനയിലൂടെ ദൈവത്തോട് അറിയിച്ചു. സകലരാലും തള്ളപ്പെട്ട തന്നെ തള്ളിടാത്ത ഒരു ദൈവം ജീവിക്കുന്നു എന്ന് അവനു വ്യക്തം. കോഴി തന്റെ ചിറകിൽ വഹിക്കുംപോലെ ആ ദൈവം തന്നെ നിലനിർത്തുമെന്നു യബ്ബേസ് വിശ്വസിച്ചു.

യബ്ബേസിന്റെ പ്രാർത്ഥനയുടെ കാതൽ ഒരു സൃഷ്ടിപരമായ മാറ്റം എന്നതത്രേ. സകലരും വ്യസനപുത്രൻ എന്നു നിന്ദിച്ചപ്പോൾ ദൈവം തന്റെ പ്രാർത്ഥന കേട്ട് ഉത്തരം നൽകി മാനിച്ചു. കാലക്രമേണ ശാസ്ത്രജ്ഞന്മാരുടെ പട്ടണമായി (1 ദിന.2:55) യബ്ബേസ് മാറിയെന്നു വചനം പഠിപ്പിക്കുന്നു. വ്യസനപുത്രനായി ജന്മമെടുത്ത യബ്ബേസ് തകരാതെ ദൈവസന്നിധിയിൽ നിന്നും അനുഗ്രഹങ്ങളും വാഗ്ദത്തങ്ങളും ഏറ്റെടുത്തു. അതിരിനെ വിസ്താരമാക്കുന്ന ദൈവം, യബ്ബേസ് എന്ന പട്ടണം തന്നെ സ്ഥാപിച്ചു. അവിടെ പാർത്തിരുന്നത് വ്യസനപാത്രങ്ങളല്ല, മറിച്ച് ശാസ്ത്രജ്ഞന്മാരുടെ കൂട്ടമത്രേ. അടിസ്ഥാനപരമായ ശാപക്കെട്ടിൽ നിന്നും ദൈവം പുറത്തെടുത്ത് ബുദ്ധിജീവികളുടെ പട്ടണമായി ഉയർത്തി.

കുടുംബത്തിലും ദേശത്തിലും ഞാനൊരു വ്യസനം എന്നു കരുതി ജീവിതം വ്യാകുലത്തോടെ തള്ളിനീക്കിയിരുന്നെങ്കിൽ യബ്ബേസ് എന്ന നഗരം ഉണ്ടാകുമായിരുന്നില്ല. എന്നാൽ യബ്ബേസിന് ഒന്നറിയാം, എന്നെ കണ്ടവൻ, എനിക്കായി കരുതുന്നവൻ ജീവിക്കുന്നു. അവൻ വിചാരിച്ചാൽ ഞാൻ ഉയരും. കൂടെപ്പിറപ്പുകളെക്കാളും സമപ്രായക്കാരെക്കാളും എല്ലാം ഉയരത്തിൽ. പ്രാർത്ഥനയിൽ വിശ്വാസത്തോടെ പോരാടിയത് ദൈവം അവനു നൽകി.

പലരും എന്നെയും നിങ്ങളെയും പറ്റി ആരോപണങ്ങൾ തൊടുത്തുവിട്ടാലും, നിന്ദയും അപമാനവും ഉണ്ടാക്കിയാലും യഹൂദാഗോത്രത്തിന്റെ സിംഹം നമുക്കായി എഴുന്നേറ്റാൽ ഏതു ശാപവും തകരും. അമ്മയുടെ ഉദരം മുതൽ മുടന്തനായവനെ സൗഖ്യമാക്കിയവൻ നമ്മോടു കൂടെയുണ്ട്. എത്ര പഴക്കം ചെന്ന ശാപവും മാറ്റി തന്റെ പ്രവൃത്തി നമ്മിൽ വെളിപ്പെടുത്തുവാൻ ദൈവത്തിനു നിമിഷങ്ങൾ മതി.

സകല നാമത്തിനും മേലായ നാമമായ ക്രിസ്തു നമ്മോടു കൂടെ ഇരുന്നാൽ വിലാപം നൃത്തത്തിനു വഴിമാറും. പക്ഷേ, അങ്ങനെ സംഭവിക്കണമെങ്കിൽ ദൈവസന്നിധിയിൽ മുഴങ്കാൽ മടക്കുവാൻ തയ്യാറാകണം.

ദൈവം നമ്മെ അനുഗ്രഹിച്ചാൽ നാം പിന്നീട് വ്യസനപാത്രമല്ല. സകലരെക്കാളും മാന്യർ. ലോകം നമ്മെ നോക്കി പരിഹസിക്കുകയും നിന്ദിക്കുകയും ചെയ്യുമ്പോൾ ഭാരപ്പെടാതെ യബ്ബേസിനെപ്പോലെ ഒരു പ്രാർത്ഥനാപോരാളിയാകൂ. സകലരെക്കാളും മാന്യനാക്കി ദൈവം നമ്മെ പുറത്തുകൊണ്ടുവരും. കൂട്ടുകാരിൽ പരമായി ആനന്ദതൈലം കൊണ്ട് അഭിഷേകം ചെയ്യും. എല്ലാവരും ഒതുക്കിയപ്പോൾ യബ്ബേസിന്റെ മേലുള്ള ദൈവപദ്ധതി ആ പട്ടണത്തിൽ അവനെ മാനിക്കുക എന്നതു തന്നെ. യബ്ബേസ് തന്റെ അതിർ

*ശേഷം പേജ് 7–ൽ*



# മലബാറിന്റെ അപ്പൊസ്തലൻ : പാസ്റ്റർ വി.ജെ. ജോർജ്ജ്

93–ാം വയസ്സിലും ഒരു പടക്കുതിരയെപ്പോലെ കർമ്മനിരതനായ പാസ്റ്റർ വി.ജെ.ജോർജ്ജ് അപ്പച്ചൻ മലബാറിൽ പാലക്കാട് മുതൽ കാസർഗോഡ് വരെ ഒരു സെന്ററായിരുന്നപ്പോൾ പ്രവർത്തനത്തിനു ചുക്കാൻ പിടിച്ച അപൂർവ്വ വ്യക്തിത്വം. ഇന്ന് മലബാറിൽ 31 സെന്ററും 486 ശുശ്രൂഷകന്മാരും ആയി സഭ വളർന്നു.

പാസ്റ്റർ കെ.ഇ. ഏബ്രഹാം സാറിന്റെ ശവസംസ്കാരശുശ്രൂഷയ്ക്കു നേതൃത്വം നൽകിയ ശ്രേഷ്ഠ ഭൃത്യന് പാസ്റ്റർ വി.എ. തമ്പി (ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡ് പ്രസിഡന്റ്) യുടെ പിതാവിനെ സ്നാനപ്പെടുത്തുവാനും ദൈവം അവസരം നൽകി. മലബാറിലെ പെന്തെക്കോസ്തിന്റെ ചരിത്രത്തിൽ തങ്കലിപികളിൽ എഴുതിച്ചേർക്കേണ്ട അനുഭവസമ്പത്തിന്റെ ഉടമയാണ് പാസ്റ്റർ വി.ജെ. ജോർജ്ജ്.

**മദ്ധ്യതിരുവിതാംകൂറിൽ നിന്നും സുവിശേഷ ദൗത്യവുമായി മലബാറിൽ കുടിയേറിയ പാസ്റ്റർ വി.ജെ. ജോർജ്ജ് അപ്പച്ചനുമായി വിഷൻ വോയ്സ് എഡിറ്റർ പാസ്റ്റർ ലാലു ചാക്കോ ചിറ്റാർ നടത്തിയ അഭിമുഖത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.**

മദ്ധ്യതിരുവിതാംകൂറിൽ ആലപ്പുഴജില്ലയിൽ ചെങ്ങന്നൂർ പുത്തൻതെരുവിൽ പുരാതന മാർത്തോമാ കുടുംബമായ വെട്ടുകുഴിയിൽ യോഹന്നാൻ–മറിയാമ്മ ദമ്പതികളുടെ മൂന്നാമത്തെ മകനായി 1922 ഫെബ്രുവരി 20 ന് ജനിച്ച വി.ജെ. ജോർജ്ജ് അഞ്ചാം ക്ലാസിൽ പഠിക്കുമ്പോൾ തന്നെ യഥാർത്ഥ പെന്തെക്കോസ്തു വിശ്വാസം സ്വീകരിച്ചു. താൻ അറിഞ്ഞ സത്യം മറ്റുള്ളവരെ അറിയിച്ച് നിത്യനരകത്തിലേക്കു പോകുന്ന അനേകരെ ക്രിസ്തുവിലേക്ക് ആനയിക്കണമെന്ന എന്ന വലിയ ആത്മഭാരം ആ കുഞ്ഞുമനസ്സിൽ തന്നെ അങ്കുരിച്ചു. എന്നാൽ അത് എപ്രകാരമെന്ന ചിന്ത തന്നെ അലട്ടിക്കൊണ്ടിരുന്നു. അതിനായി നിരന്തരം ദൈവസന്നിധിയിൽ പ്രാർത്ഥനയോടെ ഇരിക്കുമ്പോൾ നല്ല വഴികാട്ടിയായ പരിശുദ്ധാത്മാവ് തന്നോട് വ്യക്തമായി സംസാരിക്കുകയും ആ നിയോഗത്താൽ ദൈവവചനം പഠിക്കണമെന്ന ആഗ്രഹത്താൽ കുമ്പനാട്ട് ഈ വിഷയം പറയുകയും ചെയ്തു. എന്നാൽ 10 വയസ്സു മാത്രം പ്രായമുള്ള ബാലകനെ അവിടെ പഠിപ്പിക്കുവാൻ സാഹചര്യം തടസ്സമായതുകൊണ്ട് കർത്താവിനോടു പ്രാർത്ഥിച്ച് ഭവനത്തിലേക്കു മടങ്ങിപ്പോന്നു. ദൈവവചനം പഠിക്കുവാൻ കഴിയാത്ത ഇച്ഛാഭംഗത്താൽ അന്ന് ഭവനത്തിൽ വന്ന് വളരെ കരഞ്ഞു. അതിനിടയിൽ എപ്പോഴോ ഉറങ്ങിപ്പോയി. ആ ഉറക്കത്തിൽ കർത്താവ് തന്നോട് യിരെമ്യാ പ്രവാചകന്റെ പുസ്തകം ഒന്നാം അദ്ധ്യായം 4 മുതലുള്ള വാക്യത്തിലൂടെ ശക്തമായി ഇടപെട്ടു.

അങ്ങനെ ഈ ആഗ്രഹം മനസ്സിൽ പേറി ഹെബ്രോൻപുരത്തെത്തി വിവരം ധരിപ്പിച്ചു. കർത്താവ് തന്നെ സുവിശേഷവേലയ്ക്കായി ശക്തമായി ഉപയോഗിക്കും എന്നു ഗ്രഹിച്ച ഉണ്ണൂണ്ണി സാർ മാവേലിക്കരയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു ദൈവദാസനോടൊപ്പം സഹായിയായി വി.ജെ. ജോർജ്ജിനെ നിയോഗിച്ചു. ആ കർത്തൃദാസന് ഈ കൗമാരക്കാരനെ വളരെയേറെ ഇഷ്ടപ്പെടുകയും തന്റെ ശുശ്രൂഷയിലും എല്ലാ യാത്രയിലും കൂടെക്കൂട്ടുകയും ചെയ്തു.

ഈ കാലയളവിൽ മറ്റുള്ളവരോടു സുവിശേഷം പങ്കുവയ്ക്കുന്നതിലുള്ള തന്റെ തീഷ്ണതയും കഴിവും കണ്ടപ്പോൾ ഇനിയും ജോർജ്ജ് എന്റെ സഹായിയായി ഇരിക്കേണ്ടവനല്ലെന്നും ഭാവിയിൽ ക്രിസ്തുയേശുവിന്റെ നല്ല ഭടനായിത്തീർന്ന് അനേക ദൈവസഭകൾ സ്ഥാപിക്കുവാൻ തന്നെ ദൈവം ഉപയോഗിക്കുമെന്നും മനസ്സിലാക്കി അദ്ദേഹത്തെ തമിഴ്നാട്ടിലേക്ക് ശുശ്രൂഷയ്ക്കായി അയക്കണമെന്ന് ഉണ്ണൂണ്ണി സാറിനോട് അറിയിച്ചു. അപ്രകാരം പാസ്റ്റർ കെ.ഇ. ഏബ്രഹാം പ്രാർത്ഥിച്ച് വി.ജെ. ജോർജ്ജിനെ തമിഴ്നാട്ടിലേക്കു യാത്രയാക്കി.

അങ്ങനെ 14–ാം വയസ്സിൽ കർത്തൃസേവ നിമിത്തം തമിഴ്നാട്ടിലേക്കു പോയി. അവിടെച്ചെന്ന് ആറാമട സന്യാസിയോടൊപ്പം ഭാഷ അറിയാത്ത സ്ഥലത്ത് പ്രവർത്തനം ആരംഭിച്ചു. ഈ പ്രവർത്തനത്തിലൂടെ ചില സഭകൾക്ക് അടിസ്ഥാനമിടുവാൻ കർത്താവ് ഉപയോഗിച്ചു. ചില വർഷങ്ങൾക്കു ശേഷം നാട്ടിലേക്കു തിരിച്ചെത്തി ചിങ്ങവനത്തു പ്രവർത്തിക്കുവാൻ തുടങ്ങി. ഒരു വർഷം തികഞ്ഞപ്പോൾ അവിടെ ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭയ്ക്ക് അനുഗ്രഹിക്കപ്പെട്ട ഒരു സഭ ഉടലെടുക്കുവാനിടയായി. തുടർന്ന് കോട്ടയത്ത് വിവിധയിടങ്ങളിൽ വാഴൂർ, കാനം തുടങ്ങിയ സ്ഥലങ്ങളിൽ ദൈവദാസനെ കർത്താവ് ശക്തമായി തന്റെ വേലയ്ക്ക് ഉപയോഗിച്ചു. ഈ കാലയളവിൽ തന്റെ ശുശ്രൂഷയ്ക്കു കൈത്താങ്ങായി മല്ലപ്പള്ളി കീഴ്വായ്പൂർ കുഴിക്കാലായിൽ ചാക്കോച്ചന്റെയും മറിയാമ്മയുടെയും മകൾ ഏലിയാമ്മയെ തന്റെ ജീവിതസഖിയായി കർത്താവ് കൂട്ടിച്ചേർത്തു. ഇവർ കുടുംബമായി കോട്ടയത്ത് വിവിധയിടങ്ങളിൽ കർത്താവിന്റെ മഹനീയ ശുശ്രൂഷ ചെയ്തു വരവെ ചിലയിടങ്ങളിൽ ചെറിയ ചെറിയ എതിർപ്പുകളും പ്രതികൂലങ്ങളും വന്നുവെങ്കിലും അതൊന്നും കാര്യമാക്കാതെ കർത്താവ് തന്നെ ഏല്പിച്ച ശുശ്രൂഷ സന്തോഷത്തോടെ ചെയ്യുന്നതിൽ വി.ജെ.ജോർജ്ജ് സംതൃപ്തി കണ്ടെത്തി.

കാനത്ത് ശുശ്രൂഷിക്കുന്ന സമയത്ത് ഒരു വെള്ളിയാഴ്ച സഭയിൽ വരുന്ന ഒരു സഹോദരനെ സ്നാനപ്പെടുത്തിയതിന്റെ പേരിൽ ആ സഹോദരന്റെ പിതാവ് ദൈവദാസനെ വെടിവെച്ചുകൊല്ലുവാൻ തോക്കുമായി വന്നു ഭീഷണിപ്പെടുത്തി. എന്നാൽ പതറിപ്പോകാതെ കർത്താവിൽ ആശ്രയിച്ച് ആ വ്യക്തിയെ അവകാശം പറഞ്ഞ് ഒരു രാത്രി മുഴുവൻ കണ്ണുനീരോടെ ഭവനത്തിലിരുന്ന് പ്രാർത്ഥിച്ചു. ഈ പ്രാർത്ഥന സ്വർഗ്ഗത്തിലെ ദൈവം ചെവിക്കൊണ്ടു. പിറ്റെ ഞായറാഴ്ച ആ പിതാവിനെ സ്നാനപ്പെടുത്തുവാൻ കർത്താവ് ഇടയാക്കി. ഇതു പറയുമ്പോൾ പാസ്റ്റർ വി.ജെ.ജോർജ്ജ് അപ്പച്ചന്റെ കണ്ണുകളിൽ സന്തോഷത്തിന്റെ ഈറനണിയുന്നുണ്ടായിരുന്നു.

തുടർന്ന് കൊട്ടാരക്കര ഭാഗങ്ങളിൽ എത്തുകയും അവിടെ ചില സഭകളിൽ ശുശ്രൂഷകനായിരുന്നു. ഏതൊക്കെ സഭകളിലാണെന്ന ഈ 95–ാം വയസ്സിൽ ഓർത്തെടുക്കുവാൻ നന്നായി ശ്രമിച്ചുവെങ്കിലും കൃതമായി ഓർമ്മ വന്നില്ല. എങ്കിലും ഒന്ന് വ്യക്തമായി പറഞ്ഞു, എല്ലായിടത്തും കർത്താവ് തന്റെ ശുശ്രൂഷ ജയോത്സവമായി നടത്തി. വി.ജെ. ജോർജ്ജ് – ഏലിയാമ്മ ദമ്പതികൾക്ക് ദൈവം രണ്ടു പെൺമക്കളെയും രണ്ട് ആൺമക്കളെയും ദാനമായി നൽകി. ഇതിൽ ഏറ്റവും മൂത്തമകനാണ് അപ്പോൾ പാലക്കാട് മു



*പാസ്റ്റർ വി.ജെ. ജോർജ്ജുമായി വിഷൻ വോയ്സ് എഡിറ്റർ അഭിമുഖം നടത്തുന്നു.*

തൽ കാസർഗോഡ് വരെയുള്ള 6 റവന്യൂ ജില്ലകൾ ഉൾപ്പെടുന്നു ഐ.പി.സി. മലബാർ മേഖലയുടെ പ്രസിഡന്റായി സേവനമനുഷ്ഠിക്കുന്ന പാസ്റ്റർ ജോൺ ജോർജ്ജ്.

ഒരിക്കൽ മുളക്കുഴയിൽ ശുശ്രൂഷയിലായിരിക്കുമ്പോൾ വനപാതയിലൂടെ നടന്നുപോകുമ്പോൾ തന്നെ ആക്രമിക്കുവാൻ കാട്ടാന ചിന്നംവിളിച്ചു പാഞ്ഞുവന്നു. ആ സമയം സർവ്വശക്തനായ യേശുക്രിസ്തുവിന്റെ നാമത്തിൽ ആ ആനയോട് പിൻതിരിഞ്ഞുപോകുവാൻ താൻ കല്പിച്ചു. അപ്പോൾ തന്നെ അനുസരണയുള്ള ഒരു ആട്ടിൻകുട്ടിയെപ്പോലെ ആ ഗജവീരൻ വന്ന വഴിയിലൂടെ തിരിച്ചുപോകയും ചെയ്തു. ഇങ്ങനെ നിരവധി അത്ഭുതസാക്ഷ്യങ്ങൾ തന്റെ സ്മൃതിപഥത്തിൽ മായാതെ കിടക്കുന്നു.

വെറും അഞ്ചാം ക്ലാസ് വിദ്യാഭ്യാസമേ ഉള്ളുവെങ്കിലും തന്റെ നാലു മക്കൾക്കും നല്ല നിലയിൽ വിദ്യാഭ്യാസം നൽകുവാൻ ഈ പിതാവ് പ്രത്യേകം ശ്രദ്ധിച്ചു.

1974-ൽ കൊട്ടാരക്കരയിൽ നിന്നും ഉണ്ണൂണ്ണി സാറിന്റെ



**93-ാം വയസ്സിലും കർത്താവ് തന്നിൽ ഭരമേല്പിച്ചിരിക്കുന്ന ശുശ്രൂഷ തന്റെ അനാരോഗ്യം വകവയ്ക്കാതെ സന്തോഷത്തോടെയും സമർപ്പണത്തോടെയും ചെയ്യുവാൻ ഈ പ്രിയപിതാവിനു സാധിക്കുന്നു.**

നിർദ്ദേശപ്രകാരം മലബാറിലേക്ക് കുടുംബമായി എത്തി. ചാക്കാലക്കൂത്തിൽ ശുശ്രൂഷ ആരംഭിച്ചു. ഈ കാലയളവിൽ നിലമ്പൂരിൽ ചുരുക്കം ചില പെന്തെക്കോസ്തു കുടുംബങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. എന്നാൽ ഇന്ന് മലബാറിലെ കുമ്പനാട് എന്നു നിലമ്പൂരിനെ അറിയത്തക്കവിധം ദൈവം വിശ്വാസികളെയും സഭകളെയും കൊണ്ടു നിറച്ചു. ഇപ്പോൾ മലബാറിലെ ഏറ്റവും വലിയ പെന്തെക്കോസ്തു സംഗമം നടക്കുന്നത് തന്റെ ബൈബിൾ കോളേജ് ഗ്രൗണ്ടിലാണ്.

ഇവിടെ പ്രിയ പിതാവിന്റെ പ്രവർത്തനഫലമായി അനേകം ദൈവസഭകൾ രൂപംകൊണ്ടു. അതിൽ പലതും അറിയപ്പെടുന്ന ദൈവസഭകളായി കർത്താവ് വളർത്തി. മറ്റിടങ്ങളിൽ നിന്നും വ്യത്യസ്തമായി വളരെ പ്രതിസന്ധികൾ ഇവിടെ താൻ അനുഭവിച്ചുവെങ്കിലും ആരോടും പരാതിയോ പരിഭവമോ പറയാതെ (മക്കളോടു പോലും) കർത്താവിന്റെ വേലയ്ക്കു ചുക്കാൻപിടിച്ചു എന്നു പറഞ്ഞപ്പോൾ ഞാൻ ഒരു ചോദ്യം പ്രിയ പിതാവിനോടു ഉന്നയിച്ചു, "ഇവിടുത്തെ സാഹചര്യത്തിൽ നിന്നും എപ്പോഴെങ്കിലും തിരുവിതാംകൂറിലേക്കു തിരിച്ചുപോകുവാൻ ആഗ്രഹിച്ചിരുന്നുവോ?" ഉത്തരം ഇല്ല എന്നായിരുന്നു. കാരണം, പറഞ്ഞത് ഇവിടെ ചേർക്കാതെയിരുന്നാൽ അത് അഭംഗിയായിത്തീരും. കർത്താവിനു വേണ്ടി ഒരു ആത്മാവിനെ നേടിയാൽ അത് മുഴുലോകത്തേക്കാൾ വിലയുള്ളതല്ലേ? എന്നു പറഞ്ഞിട്ട് സ്നേഹത്തോടെ ആ വലത്തെ കരംകൊണ്ട് എന്റെ തോളിൽ ഒന്നു തട്ടി. എന്നിട്ട് അങ്ങനെ തന്നെയല്ലേ എന്ന് എന്നോടൊരു ചോദ്യവും.

ചില വർഷങ്ങൾക്കു ശേഷം പാലുണ്ടയിൽ കർത്താവ് സുവിശേഷവേലയ്ക്ക് അനുകൂലമായ ഒരു സ്ഥലം നൽകി. ഇവിടെ 1982-ൽ അനേക ദൈവദാസന്മാരെ വാർത്തെടുക്കുവാൻ ഒരു ബൈബിൾ സ്കൂൾ സ്ഥാപിച്ചു. ഇതാണ് മലബാറിലെ ഏറ്റവും വലിയ ബൈബിൾ കോളേജായി ദൈവം ഉയർത്തിയ ന്യൂ ഹോപ്പ് ബൈബിൾ കോളേജ്. ആദ്യ ബാച്ചിൽ ഇവിടെ നിന്നും 22 വിദ്യാർത്ഥികൾ ദൈവവചനം പഠിച്ചിറങ്ങി വിവിധ സ്ഥലങ്ങളിലേക്ക് കർത്തൃവേലയ്ക്കായി ഇവർ പോയി.

ഐ.പി.സി. അംഗീകാരത്തോടെ BTh. കോഴ്സിൽ ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും വന്ന് നിരവധി വിദ്യാർത്ഥികൾ ഇവിടെ പഠനം പൂർത്തിയാക്കി കർത്തൃശുശ്രൂഷയിൽ വ്യാപൃതരാകുന്നു.ഈ സ്ഥാപനത്തിന്റെ ചുമതല പാസ്റ്റർ ജോൺ ജോർജ്ജ് വഹിക്കുന്നു. ഇപ്പോൾ 25 ഓളം സഭകൾ പാസ്റ്റർ വി.ജെ. ജോർജ്ജ് അപ്പച്ചൻ നേതൃത്വം കൊടുക്കുന്ന ഐ.പി.സി. നിലമ്പൂർ നോർത്ത് സെന്ററിനുണ്ട്. 93-ാം വയസ്സിലും കർത്താവ് തന്നിൽ ഭരമേല്പിച്ചിരിക്കുന്ന ശുശ്രൂഷ തന്റെ അനാരോഗ്യം വകവയ്ക്കാതെ സന്തോഷത്തോടെയും സമർപ്പണത്തോടെയും ചെയ്യുവാൻ ഈ പ്രിയ പിതാവിനു സാധിക്കുന്നു. കർത്താവിനു വേണ്ടി ഇനിയും അദ്ധ്വാനിപ്പാൻ പ്രിയ പിതാവിനെ സഹായിക്കട്ടെ എന്ന് ആശംസിക്കുന്നു.

**പാസ്റ്റർ ലാലു ചാക്കോ ചിറ്റാർ**
**വിഷൻ വോയ്സ് എഡിറ്റർ**

---

**തിരുവചന ദർശനം**

**ഭാഗം 2**

# റോമാലേഖന പഠനം



**പാസ്റ്റർ ലാലു ചാക്കോ ചിറ്റാർ**
**9947084383**

**റോമാ നഗരം**

റോമാ നഗരം ഇന്ന് ഇറ്റലിയുടെ തലസ്ഥാനമാണ്. ഒന്നാം നൂറ്റാണ്ടിൽ ഇത് റോമാസാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു. ബി.സി. 703-ൽ റോമുലസ് ഈ നഗരം പണികഴിപ്പിച്ചു എന്നു പാരമ്പര്യം അവകാശപ്പെടുന്നു. ഈ നഗരം ഏഴു മലമേൽ ആണ് സ്ഥിതിചെയ്തിരുന്നത്. അതിനാൽ തന്നെ ഏഴു മലകളുടെ പട്ടണം എന്ന നാമത്താൽ റോമാനഗരം അറിയപ്പെടുന്നു. മെഡിറ്ററേനിയൻ കടലിൽ നിന്നും 50 മൈൽ ഉള്ളിലായി ടൈബർ നദീതീരത്താണ് ഭൂമിശാസ്ത്രപരമായി ഇതിന്റെ സ്ഥാനം. അന്നത്തെ ലോകത്തിലെ ഒന്നാമത്തെ പട്ടണമായിരുന്നു റോമാനഗരം. ഈ പട്ടണത്തിൽ ഏകദേശം 20 ലക്ഷം ജനങ്ങൾ പാർത്തിരുന്നതായി പറയപ്പെടുന്നു. ഇതിൽ യഹൂദന്മാരും മറ്റു പല ജാതിക്കാരും കുടിയേറി പാർത്തിരുന്നു. തീത്തൊസ് റോമാസാമ്രാജ്യത്തിന്റെ ഭരണസാരഥ്യം ഏറ്റെടുത്ത ശേഷം നഗരത്തിൽ മനോഹരമായ ഒരു സ്റ്റേഡിയം (കൊളോസിയം) പണികഴിപ്പിച്ചു. അനേകം ക്രിസ്ത്യാനികൾ ഇവിടെ മൃഗീയമായി കൊല ചെയ്യപ്പെട്ടിട്ടുണ്ട്. പ്രാചീന കാലയളവിൽ ജൂപ്പിറ്റർ, വീനസ് തുടങ്ങിയ ദേവന്മാർക്കായി പണികഴിപ്പിച്ചിരുന്ന ജാതീയ ക്ഷേത്രങ്ങൾ ഉൾപ്പെടെ ഏകദേശം 420 ക്ഷേത്രങ്ങൾ ഇവിടെ നിലനിന്നിരുന്നു.

റോമിലെ ചക്രവർത്തിമാർ അസന്മാർഗീയതയ്ക്കു കുപ്രസിദ്ധിയാർജ്ജിച്ചവരായിരുന്നു. തിമരിയോസ്, നീറോ തുടങ്ങിയ ചക്രവർത്തിമാരുടെ പെരുമാറ്റം വളരെ ലജ്ജാകരമായിരുന്നു. ഒന്നാം അദ്ധ്യായത്തിൽ അധഃപതിച്ചുപോയ ജാതീയ ലോകത്തിന്റെ വ്യക്തമായ ചരിത്രം നാം കാണുന്നുണ്ട്. അതുകൊണ്ട് ദൈവം അവരെ അവമാനരാഗങ്ങളിൽ ഏല്പിച്ചു എന്ന് പൗലൊസ് പറയുന്നു. ഇത് അവരുടെ മേൽ ചൊരിയപ്പെട്ട ദൈവക്രോധത്തിന്റെ ഒരു ഭാഗം മാത്രമായിരുന്നു(റോമ.1:24-27). എന്നാൽ ഇത്രമാത്രം അധഃപതിച്ച റോമാനഗരത്തിലും ഒന്നാം നൂറ്റാണ്ടിൽ സുവിശേഷം എത്തിച്ചേരുകയും അത് ജനഹൃദയങ്ങളെ രൂപാന്തരപ്പെടുത്തുകയും ചെയ്തു.

**ലേഖന കർത്താവ്**

പൗലൊസ് അപ്പൊസ്തലന്റെ മൂന്നാം മിഷനറി യാത്രയിൽ വിശുദ്ധന്മാർക്കുള്ള ധർമ്മശേഖരവുമായി യെരൂശലേമിലേക്കു പോകുവാൻ ഒരുങ്ങിയിരിക്കുമ്പോൾ, കൊരിന്തിൽ ഗായോസിന്റെ ഭവനത്തിൽ വച്ചാണ് ഇതെഴുതിയത്. (റോമർ 16:23). ഇത് പൗലൊസ് പറഞ്ഞുകൊടുക്കുകയും എഴുത്തുകാരനായ തെർത്തോസ് എഴുതുകയും ചെയ്തു (16:22). ഇതിലെ ഭാഷാശൈലി, യുക്തിചിന്ത, ദൈവശാസ്ത്ര സമീപനം എന്നിവയെല്ലാം പൗലൊസിന്റെ ഇതരലേഖനങ്ങളുമായി ഒത്തുപോകുന്നു. ഇത് തന്റെ ആറാമത്തെ ലേഖനമെങ്കിലും ഉപദേശവിഷയങ്ങളുടെ അടിസ്ഥാനത്തിൽ ലേഖനങ്ങളുടെ പട്ടികയിൽ പ്രഥമസ്ഥാനം നൽകിയിരിക്കുന്നു. പൗലൊസിന്റെ രണ്ടാം മിഷനറി യാത്രയിൽ തെസ്സലോനീക്യർക്കുള്ള 1,2 ലേഖനങ്ങളും ഗലാത്യലേഖനവും മൂന്നാം മിഷനറി യാത്രയിൽ കൊരിന്ത്യർ ഒന്നും രണ്ടും ലേഖനങ്ങളും റോമാലേഖനവും എഴുതിയെന്നാണ് വിശ്വസിക്കപ്പെടുന്നത്.

പൗലൊസിന് റോമാസഭയെക്കുറിച്ചും പ്രസ്തുത സഭയ്ക്ക് പൗലൊസിനെക്കുറിച്ചും ഉണ്ടായിരുന്ന അറിവിന് പ്രധാന മുഖാന്തരമായി തീർന്നത് അകിലാസും പ്രിസ്കില്ലായും ആയിരിക്കുവാൻ സാദ്ധ്യതയുണ്ട്. (അപ്പൊ.പ്രവൃ.18:1,2). ലേഖനത്തിന്റെ ഒടുവിൽ താൻ അവർക്കു വന്ദനം പറയുന്നു. ഒരു പക്ഷേ അവരിൽ നിന്നും 16-ാം അദ്ധ്യായത്തിൽ പേരുകൾ എടുത്തുപറഞ്ഞിരിക്കുന്ന മറ്റു സ്നേഹിതന്മാരിൽ നിന്നും തനിക്കു ലഭിച്ച അറിവിന്റെ വെളിച്ചത്തിലാണ് ഈ ലേഖനം എഴുതുന്നത്. റോം സന്ദർശിക്കപ്പെടണം എന്നുള്ള തന്റെ ആഗ്രഹം ലേഖനത്തിൽ പ്രകടമാകുന്നു (റോമ.15:22-23). ഇതേ കാര്യം പരിശുദ്ധാത്മാവ് മുമ്പു തന്നേ അറിയിച്ചിരുന്നു (അപ്പൊ.പ്രവൃ. 19:21; 23:11).

പക്ഷേ, ദൈവീക പദ്ധതി പ്രകാരം റോമിലെത്തിയത് ഒരു ബന്ധനസ്ഥനായിട്ടാകുന്നു. റോമാലേഖനത്തിന്റെ ഗ്രന്ഥകർത്തൃത്വം പൗലൊസിൽ തന്നെ നിക്ഷിപ്തമാണെന്ന് ലേഖനത്തിന്റെ മുഖവുര ഉറപ്പുവരുത്തുന്നു (റോമർ 1:2,3).

---

**കവിത**

## മേഘാരൂഢനായ ക്രിസ്തു

പറയുവാൻ വാക്കുകൾ പോരായെനിക്ക്
പതിനായിരം പേർകളിൽ സുന്ദരനാണേ
അഗ്നിജ്വാലയ്ക്കൊത്ത കണ്ണും
പെരുവെള്ളത്തിനിരച്ചിൽ പോൽ ശബ്ദവും
ഉലയിൽ ചുട്ടു പഴുപ്പിച്ചതുപോൽ
വെള്ളോട്ടിൻ സദൃശ്യമാം തന്നുടെ കാലുകൾ
സൂര്യനെക്കാൾ ശോഭിതം അവൻ മുഖം
കാണുവാനേറെ ആശയുണ്ടാമുഖം
ആൽഫയും ഒമേഗയുമാകുന്നവൻ
സാക്ഷിയും വിശ്വസ്തനുമാകുന്നവൻ
മേഘാരൂഢനായ് വന്നിടും അങ്ങയെ
കാണുവാനായ് ഞാൻ കാത്തിടുന്നു



**അക്സാ ജോൺ**
**വണ്ടൂർ**




# ക്രിയേറ്റിവിറ്റി: ഉപദേശിക്കും അനിവാര്യം



സജി മത്തായി കാതേട്ട്

**സമൂഹത്തിൽ നിലവിലുള്ള ആചാരങ്ങളോടും വിശ്വാസങ്ങളോടും പാരമ്പര്യരീതികളോടും വിയോജിച്ചുകൊണ്ട് നൂതനമായ പാതയിലൂടെ സഞ്ചരിക്കുകയെന്നത് ഒരു ക്രിയേറ്റിവിറ്റിയുള്ള വ്യക്തിയുടെ സവിശേഷതയാണ്.**

എഴു ദിവസത്തെ ഉപവാസ പ്രാർത്ഥനയ്ക്കു ശേഷം ഉപദേശിയും ശിഷ്യന്മാരും ഒരു റസിഡൻഷ്യൽ ക്യാമ്പിന് പങ്കെടുക്കാനായി ഇപ്രാവശ്യം തിരഞ്ഞെടുത്തത് കേരളത്തിന്റെ അതിർത്തി ഗ്രാമമായ നെയ്യാർ ഡാമിന്റെ പരിസരമായിരുന്നു. മൂന്നു ദിവസത്തെ ക്യാമ്പും പരിസര നിരീക്ഷണവും കഴിഞ്ഞി തിരികെയെത്താനായി അവർ യാത്രയ്ക്കു വേണ്ടതെല്ലാം പ്ലാൻ ചെയ്തു.

ശിഷ്യന്മാർക്കെല്ലാം ഉപവാസ പ്രാർത്ഥനയിൽ ലഭിച്ച ഉണർവ്വ് അവരിൽ പ്രകടമായിരുന്നു. ഉപവാസപ്രാർത്ഥനയ്ക്കു ശേഷം തന്റെ നാട്ടിലേക്കു ക്യാമ്പിനു പോകുന്നതിൽ തിരുവനന്തപുരം ജില്ലയിലെ വെള്ളറട ഗ്രാമക്കാരനായ ശിഷ്യന് സന്തോഷമായി. സാധിക്കുമെങ്കിൽ ഉപദേശിയേയും സഹപാഠികളെയും തന്റെ ഭവനത്തിൽ കൊണ്ടുപോകാമെന്ന് അദ്ദേഹം ആഗ്രഹിച്ചു.

പുലർച്ചെ തന്നെ അവർ ഒലവക്കോട് സ്റ്റേഷനിൽ നിന്നും യാത്രയായി. ശിഷ്യന്മാരിൽ ചിലർ ആദ്യമായാണ് ട്രെയിനിൽ യാത്ര ചെയ്യുന്നത്. അവർ ആ യാത്ര തികച്ചും ആസ്വദിച്ചു.

ട്രെയിൻ യാത്രയ്ക്കിടയിൽ അവർ ചർച്ചകളിൽ ഏർപ്പെട്ടു. അതിനിടയിൽ ഒരു ഫുട്പാത്ത് കച്ചവടക്കാരൻ കുട്ടികൾക്കുള്ള കളിപ്പാട്ടവുമായി ട്രെയിനിനുള്ളിൽ കച്ചവടത്തിനെത്തി. കുട്ടികളെ ആകർഷിക്കത്തക്ക രീതിയിൽ വ്യത്യസ്തമായി ശബ്ദങ്ങൾ അനുകരിച്ചും തന്റെ കളിപ്പാട്ടങ്ങൾ ശബ്ദിപ്പിച്ചും മുന്നോട്ടു നീങ്ങി. കുട്ടികളുടെ കണ്ണുകൾ അയാളിലേക്കായി. ചൂടപ്പം വിറ്റഴിയുന്നതുപോലെ അയാളുടെ മിക്ക കളിക്കോപ്പുകളും വിറ്റഴിഞ്ഞിരുന്നു. ഇതു കണ്ട കട്ടപ്പനക്കാരനായ ശിഷ്യൻ എല്ലാവരും കേൾക്കെ പറഞ്ഞു, "എല്ലാക്കാര്യങ്ങളിലും 'ക്രിയേറ്റിവിറ്റി" ഉണ്ടെങ്കിൽ ലക്ഷ്യത്തിലെത്താൻ പ്രയാസമുണ്ടാവില്ല." ഇതുകേട്ടതും ആലുവക്കാരനായ ശിഷ്യന് സംശയമുണ്ടായി. "ഉപദേശി എന്താണ് ക്രിയേറ്റിവിറ്റി?"

ഉപദേശി പുഞ്ചിരിയോടെ കട്ടപ്പനക്കാരനായ ശിഷ്യനെ നോക്കി. 'ഉത്തരം അവൻ തന്നെ പറയട്ടെ' എന്നായി ഉപദേശി. പക്ഷേ, ക്രിയേറ്റിവിറ്റിയെക്കുറിച്ച് വിവരിക്കാനാവാതെ കട്ടപ്പനക്കാരനായ ശിഷ്യൻ പരുങ്ങി. ഈ സംഭാഷണം ട്രെയിനിലെ മറ്റുള്ള യാത്രക്കാരിൽ ചിലരും ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ട്രെയിൻ തൃശ്ശൂരും കടന്ന് കൂവിപ്പായുകയാണ്.

"സാധാരണത്വത്തിൽ അസാധാരണത്വം ദർശിക്കുന്നവരാണ് സർഗാത്മകതയുള്ളവർ (ക്രിയേറ്റിവിറ്റി). അവർ മറ്റുള്ളവർ നടക്കുന്ന വഴികളിൽ നിന്നും വേറിട്ടു നടക്കുന്നു. നിലവിൽ ഉള്ളതിനെ നിരാകരിക്കുന്നു. അസാധാരണമായ ചിന്തകൾപോലെ അസാധാരണവും അപ്രതീക്ഷിതവുമായ പെരുമാറ്റ രീതികളും അവരുടെ വ്യക്തിത്വ സവിശേഷതകളുടെ ഭാഗമാകുന്നു." ഉപദേശിയുടെ വാക്കുകൾ കേട്ട് ശിഷ്യന്മാരും സഹയാത്രികരും ആശ്ചര്യപ്പെട്ടു.

"ക്രിയേറ്റിവിറ്റിയുള്ള വ്യക്തികൾ കൈകാര്യം ചെയ്യുന്ന സമ്മേളനങ്ങൾ, സഭകൾ, പ്രസ്ഥാനങ്ങൾ ഒക്കെ വ്യത്യസ്തമായിരിക്കും." തിരുവല്ലക്കാരനായ ഒരു ശിഷ്യൻ വിനയത്തോടെ അഭിപ്രായപ്പെട്ടു. സീനിയറായ ആ ശിഷ്യന്റെ അഭിപ്രായെ ശരിയാണെന്ന മട്ടിൽ ഉപദേശി പുഞ്ചിരിയോടെ തലയാട്ടി.

'ക്രിയേറ്റിവിറ്റിയെപ്പറ്റി ധാരാളം പഠനങ്ങൾ നടത്തിയിട്ടുള്ള പ്രമുഖ മനഃശാസ്ത്രജ്ഞ തെരേശ അമാബെൻ പറയുന്നത്, "വളരെ പ്രസിദ്ധരായ സർഗ്ഗപ്രതിഭകളുടെ സവിശേഷതകളിൽ ഏറ്റവും സ്ഥിരമായി, വ്യത്യസ്ത തുറകളിലും വ്യത്യസ്ത തലമുറകളിലും കാണപ്പെടുന്നത് സ്വാതന്ത്ര്യബോധവും അഭിവാഞ്ഛയുമാണ്. ഈ സ്വാതന്ത്ര്യബോധവും ജോലിയോടുള്ള വികാരാവേശവുമാണ് മൈക്കിൾ ആഞ്ചലോയും, ആൽബർട്ട് ഐൻസ്റ്റീനും, എഡിസണും, ലിയോനാർഡോ ഡാവിഞ്ചിയും പ്രകടിപ്പിച്ചത്. അത് അവരെ സർഗ്ഗാത്മകതയുടെ ഉന്നതശ്രേണികളിൽ എത്തിച്ചു."

"ക്രിയേറ്റിവിറ്റിയുള്ളവരുടെ ഏറ്റവും പ്രധാന പൊതു സവിശേഷതകൾ എന്തായിരിക്കും?" തൃശൂർക്കാരനായ ശിഷ്യന്റേതായിരുന്നു ചോദ്യം.

ഉപദേശി അല്പനേരം മൗനതയിലാണ്ടു. ശിഷ്യൻ ചോദിച്ചത് ഒരു നീണ്ട സബ്ജക്റ്റ് ആണെന്നറിയാം. ചുരുക്കി പറയാനായി അദ്ദേഹം വിഷയങ്ങൾ മനസ്സിൽ ഡിസൈൻ ചെയ്തു. പുഞ്ചിരിയോടെ അദ്ദേഹം അക്കമിട്ട് ഉത്തരം നൽകി.

**1. വ്യക്തിപരമായ സ്വാതന്ത്ര്യം**

സർഗ്ഗാത്മകതയുള്ളവർ ചിന്തയിലും പ്രവൃത്തിയിലും വ്യക്തിപരമായ സ്വാതന്ത്ര്യവും വിശ്വസ്തതയും പുലർത്താൻ ആഗ്രഹിക്കുന്നവരാണ്. സർഗധനന്മാരായ പ്രതിഭാശാലികൾ എല്ലാം തന്നെ നാളിതുവരെ അനുഷ്ഠിച്ചുപോന്ന ആചാരങ്ങളിൽ നിന്നും വഴികളിൽ നിന്നും മാറി, വേറിട്ട് സഞ്ചരിക്കാനാണ് അവർക്കു താല്പര്യം. ഉന്നതനായ ലീഡറായ മോശെയും വ്യക്തിപരമായ സ്വാതന്ത്ര്യത്തിൽ ഉറച്ചുനിന്നവനായിരുന്നു. അതു ദൈവത്തിന്റെ അരുളപ്പാടുകൾക്ക് അനുസരിച്ചായിരുന്നു. കൂടെയുള്ളവർ പറഞ്ഞ വഴികളിലൂടെയൊന്നും മോശെ സഞ്ചരിച്ചില്ല. തികച്ചും ദൈവേഷ്ടമായ സ്വതന്ത്രചിന്തകളായിരുന്നു; തീരുമാനങ്ങളായിരുന്നു മോശെയ്ക്കു ഉണ്ടായിരുന്നത്.

റോബർട്ട് ഫ്രോസ്റ്റ് (Robert Frost) ഒരിക്കൽ പറഞ്ഞു; വനാന്തരങ്ങളിൽ രണ്ടു വഴികൾ ഞാൻ കണ്ടു. ആളുകൾ കുറച്ചു മാത്രം സഞ്ചരിച്ചിട്ടുള്ള വഴി ഞാൻ തിരഞ്ഞെടുത്തു."

**2. യാഥാസ്ഥിതികത്വത്തെ വെല്ലുവിളിക്കുക**

സമൂഹത്തിൽ നിലവിലുള്ള ആചാരങ്ങളോടും വിശ്വാസങ്ങളോടും പാരമ്പര്യരീതികളോടും വിയോജിച്ചുകൊണ്ട് നൂതനമായ പാതയിലൂടെ സഞ്ചരിക്കുകയെന്നത് ഒരു ക്രിയേറ്റിവിറ്റിയുള്ള വ്യക്തിയുടെ സവിശേഷതയാണ്.

കേരളത്തിലെ പെന്തെക്കോസ്തു സഭകളുടെ വളർച്ചയ്ക്ക് നമ്മുടെ പിതാക്കന്മാർ ചെയ്തത് ഇത്തരത്തിലുള്ള നീക്കമായിരുന്നു. നൂതനമായ ഒരു ആത്മീയപാത് അവർ അവതരിപ്പിച്ചു. ആ പാതയിലൂടെ അവർ ധൈര്യത്തോടെ നടന്നുനീങ്ങി. അനാചാരങ്ങൾക്കും പാരമ്പര്യ കെട്ടുപാടുകൾക്കുമെതിരെയും അവർ ധൈര്യപൂർവ്വം കൈചൂണ്ടി.

ലോകപ്രശസ്ത ചിത്രകാരനായിരുന്ന പാബ്ലോ പിക്കാസോ അസാധാരണമായ സർഗ്ഗപ്രതിഭയുടെ ഉടമയായിരുന്നു. അദ്ദേഹം ചിത്രകലയിൽ നിലനിന്നിരുന്ന രീതികളിൽ നിന്നും വ്യതിചലിച്ച് 'ക്യൂബിസം' എന്ന പുതിയ രചനാരീതിക്ക് രൂപം കൊടുത്തു.

ഗലീലിയോ, സൂര്യൻ ഭൂമിക്കു ചുറ്റും കറങ്ങുന്നു എന്ന യാഥാസ്ഥിതിക വിശ്വാസത്തെ വെല്ലുവിളിച്ചു. നമ്മുടെ സഭകളിലെ ചില അനാചാരങ്ങൾക്കെതിരെ വിരൽ ചൂണ്ടുന്നത് ക്രിയേറ്റിവിറ്റിയുടെ ഭാഗമാണ്.

**3. പുതിയതു കണ്ടെത്താനുള്ള അന്തർദാഹം**

ക്രിയേറ്റിവിറ്റിയുള്ളവന് പഴയതിനോടു കലഹിക്കേണ്ടി വരും. പുതിയത് കണ്ടെത്താനുള്ള ദാഹം അവനിൽ അന്തർലീനമായിരിക്കും. പ്രശസ്ത സാഹിത്യകാരിയായ വെർജീനിയ വൂൾഫ് (Virginia Woolf) സാഹിത്യത്തിൽ ഒരു പുതിയ പാത വെട്ടിത്തുറന്നു. 'ബോധധാര പ്രസ്ഥാനം' എന്ന പുതിയ രചനാസങ്കേതം ആവിഷ്കരിക്കാൻ അവർക്കു പ്രചോദനമായത് പുതിയത് കണ്ടെത്താനുള്ള അന്തർദാഹമാണ്.

ഏറ്റവും കൂടുതൽ കണ്ടുപിടുത്തങ്ങൾ നടത്തിയ തോമസ് ആൽവാ എഡിസണും ഇത്തരക്കാരനായിരുന്നു.

**4. നിതാന്തരമായ ആന്തരിക ചോദന**

എപ്പോഴും പ്രവർത്തന നിരതരായിരിക്കാനുള്ള ആന്തരിക ചോദന ക്രിയേറ്റിവിറ്റിയുള്ളവരുടെ പ്രത്യേകതയാണ്. മൈക്കിൾ ആഞ്ചിലോ, ബിഥോവൻ, എഡിസൺ ഇവരെല്ലാം ഇതിന് ഉദാഹരണമാണ്. ഇവർക്ക് ഒന്നും ചെയ്യാതെ വെറുതെ ഇരിക്കുക അസാദ്ധ്യമായിരുന്നു. അവരുടെ ആന്തരിക ചോദന അവരെ കർമ്മനിരതരാക്കി.

**5. സഹജാവബോധം**


വലിയ ആശയങ്ങളും ചോദ്യങ്ങളും മനസ്സിൽ പൊട്ടിവിടരുന്നത് പലപ്പോഴും സഹജാവബോധത്താലാണ്. ഇത് ദൈവം തരുന്ന ഒരു ഗിഫ്റ്റാണ്. ആപ്പിൾ തലയിൽ വീണപ്പോൾ അതുവരെയും ആരും ചിന്തിക്കാത്ത രീതിയിൽ ഒരു ചോദ്യം ഐസക് ന്യൂട്ടന്റെ മനസ്സിലുദിച്ചു. എന്തുകൊണ്ട് ആപ്പിൾ മുകളിലേക്കു പോയില്ല? ഈ ചോദ്യമാണ് ഭൂഗുരുത്വാകർഷണ തത്ത്വം കണ്ടുപിടിക്കാൻ അദ്ദേഹത്തിനു സഹായകമായത്.

**6. നിസ്സീമമായ ഭാവനാവിലാസം**

എ്ല്ലാവരും ഉപേക്ഷിച്ചു പോയ ഒരു നിശ്ചിത ആകൃതിയും ഇല്ലാത്ത മാർബിൽ ശിലയിൽ ഒളിഞ്ഞിരിക്കുന്ന ഡേവിഡിന്റെ രൂപം ഭാവനയിൽ കാണുവാൻ കഴിഞ്ഞതുകൊണ്ടാണ് മൈക്കിൾ ആഞ്ചലോയ്ക്ക് ലോകോത്തര ശില്പം സൃഷ്ടിക്കാനായത്. അതിരുകളില്ലാത്ത ഭാവനാശില്പം സർഗ്ഗാത്മകതയുള്ള ആളിന്റെ കൈമുതലാണ്.

ഉപദേശിയുടെ സൗമ്യമായ വാക്കുകൾ ശിഷ്യർക്കും സഹയാത്രികർക്കും ഉത്തേജനമായി. കായംകുളവും താണ്ടി കേരളാ എക്സ്പ്രസ് കൂവിപ്പായുമ്പോൾ ഉപദേശിയും ശിഷ്യന്മാരും ക്രിയേറ്റിവിറ്റിയുള്ളവരുടെ പ്രത്യേകതകൾ ചർച്ച ചെയ്യുകയായിരുന്നു.

## കണ്ണൂർ മേഖല പി.വൈ.പി.എ. യ്ക്ക് ധന്യനിമിഷങ്ങൾ



**കാസർഗോഡ്:** കണ്ണൂർ മേഖല പി.വൈ.പി.എ.യും യു.പി.എഫും ചേർന്ന് കണ്ണൂർ മേഖലയിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു പെൺകുട്ടിയുടെ വിവാഹം നടത്തി. പാസ്റ്റർ ടിലു ജോൺ (യു.പി.എഫ് സെക്രട്ടറി) വിവാഹശുശ്രൂഷ ആശീർവദിച്ചു. പി.വൈ.പി.എ. കേരളാ സ്റ്റേറ്റ് വൈസ് പ്രസിഡന്റ് റവ. സിനോജ് ജോർജ്ജ് ദൈവവചനം ശുശ്രൂഷിച്ചു. സെന്റർ ശുശ്രൂഷകന്മാരായ പാസ്റ്റർ സന്തോഷ് മാത്യു, പാസ്റ്റർ ജോയി പോൾ, പാസ്റ്റർ മോനി ചെന്നിത്തല എന്നിവർ വിവാഹശുശ്രൂഷയിൽ പങ്കെടുത്തു. പാസ്റ്റർ ജോൺസൺ കുര്യൻ പി.വൈ.പി.എ. മേഖലാ പ്രസിഡന്റായി സേവനമനുഷ്ഠിക്കുന്നു. മലബാറിന്റെ ചരിത്രത്തിൽ ആദ്യമായാണ് കണ്ണൂർ മേഖല പി.വൈ.പി.എ. ഒരു വിവാഹസഹായം ലഭ്യമാക്കുന്നത്.

## ആത്മമാരി 2017



**കാസർഗോഡ്:** ന്യൂ ഇന്ത്യാ ദൈവസഭ ഭീമനടി ചർച്ചിന്റെ നേതൃത്വത്തിൽ ഒക്ടോ. 27,28 തീയതികളിൽ വചനധ്യാനവും വിടുതൽ ശുശ്രൂഷയും നടന്നു. പാസ്റ്റർ ശാമുവേൽ ആന്റണി, എറണാകുളം, പാസ്റ്റർ സി.ജി. വർഗ്ഗീസ് തൃശ്ശൂർ എന്നിവർ പ്രസംഗിച്ചു. ശാലോം വോയ്സ്, ഭീമനടി ഗാനശുശ്രൂഷ നടത്തി.

## അസംബ്ലീസ് ഓഫ് ഗോഡ് പുനലൂർ കൺവൻഷൻ

**പുനലൂർ●** എ.ജി. മലയാളം ഡിസ്ട്രിക്റ്റ് കൺവൻഷൻ ജനുവരി 23-28 വരെ പുനലൂർ എജി കൺവൻഷൻ ഗ്രൗണ്ടിൽ നടക്കും. സഭാസൂപ്രണ്ട് പാസ്റ്റർ ടി.ജെ.സാമുവേൽ ഉത്ഘാടനം ചെയ്യും. ചൊവ്വ മുതൽ ശനി വരെ വൈകിട്ട് പൊതുയോഗങ്ങളിൽ അഭിഷിക്തരായ ദൈവദാസന്മാർ വചനം പ്രസംഗിക്കും. എ.ജി ക്വയർ ഗാനങ്ങൾ ആലപിക്കും. ശുശ്രൂഷക സമ്മേളനം, മിഷൻ സമ്മേളനം, ഓർഡിനേഷൻ, സണ്ടേസ്കൂൾ, സി.എ(യുവജന) സമ്മേളനം എന്നിവയും കൺവൻഷനോട് അനുബന്ധിച്ച് നടക്കും. ഞായറാഴ്ച പകൽ സംയുക്ത സഭായോഗത്തോടെ കൺവൻഷൻ സമാപിക്കും.

## ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ജനറൽ കൺവൻഷൻ

**മുളക്കുഴ●** 95-ാമത് ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യയുടെ കേരളാ സ്റ്റേറ്റ് ജനറൽ കൺവൻഷൻ ജനുവരി 22 മുതൽ 28 വരെ തിരുവല്ല ചർച്ച് ഓഫ് ഗോഡ് സ്റ്റേഡിയത്തിൽ നടക്കും.കൺവൻഷൻ തീം റോമർ 12:11-ന്റെ അടിസ്ഥാനത്തിൽ "ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിപ്പിൻ" എന്നതാണ്. കൺവൻഷന്റെ സുഗമമായ നടത്തിപ്പാനായുള്ള ആദ്യ ആലോചന യോഗം സ്റ്റേറ്റ് ഓവർസീയറുടെ നേതൃത്വത്തിൽ സീയോൻ കുന്നിൽ നടന്നു. ജനുവരി 15 മുതൽ സ്റ്റേഡിയത്തിൽ കൺവൻഷന്റെ അനുഗ്രഹത്തിനായുള്ള ഉപവാസപ്രാർത്ഥന നടക്കും. സ്വദേശത്തും വിദേശത്തും നിന്നുള്ള ദൈവദാസന്മാർ ദൈവവചനം പ്രഘോഷിക്കും.

# 94-ാമതു കുമ്പനാട് കൺവൻഷൻ ജനുവരി 14 ന്

**കുമ്പനാട്●** ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭയുടെ നേതൃത്വത്തിലുള്ള 94-ാമതു ജനറൽ കൺവൻഷൻ 2018 ജനുവരി 14 മുതൽ 21 വരെ സഭാ ആസ്ഥാനമായ കുമ്പനാട് ഹെബ്രോൻ പുരത്തു നടക്കും. കർത്താവിൽ പ്രസിദ്ധരായ ദൈവദാസന്മാർ പകലും രാത്രിയും ദൈവവചനം ശുശ്രൂഷിക്കും. 21-ന് ഞായറാഴ്ച നടക്കുന്ന കർത്തൃമേശ ശുശ്രൂഷയോടും പൊതുയോഗത്തോടും കൺവൻഷൻ അ വസാനിക്കും. മുൻവർഷങ്ങളെക്കാൾ വിപുലമായ സൗകര്യങ്ങളോടെ കൺവൻഷൻ നടത്തുന്നതിന് സബ്കമ്മറ്റി തിരഞ്ഞെടുപ്പു നടന്നു. സഭാ ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ ജന. സെക്രട്ടറി പാസ്റ്റർ കെ.സി. ജോൺ, ജന.ട്രഷറാർ ബ്രദ. സജി പോൾ എന്നിവരുടെ നേതൃത്വത്തിൽ ഒരുക്കങ്ങൾ പുരോഗമിക്കുന്നു.

## കൺവൻഷനും സംഗീതവിരുന്നും



**കാസർഗോഡ്:** ഐ.പി.സി. ബന്തടുക്ക സഭയുടെയും ഹോസ്ദുർഗി സെന്റർ ഇവാഞ്ചലിസം ബോർഡിന്റെയും സംയുക്താഭിമുഖ്യത്തിൽ ബൈബിൾ കൺവൻഷനും സംഗീതവിരുന്നും നടന്നു. ഒക്ടോ. 27,28 തീയതികളിൽ ബന്തടുക്ക വ്യാപാരഭവൻ ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനം പാസ്റ്റർ ജോയ് പോൾ ഉത്ഘാടനം ചെയ്തു. പാസ്റ്റർ. കെ.ഒ.തോമസ് (തൃശൂർ) വചനശുശ്രൂഷ നടത്തി. കോഴിക്കോട് ബ്ലസ് മെലഡീസ് ഗാനശുശ്രൂഷ നിർവഹിച്ചു. പാസ്റ്റർ ജെയ്മോൻ ലൂക്കോസ് നേതൃത്വം നൽകി.

## നിങ്ങൾ ഒരു വ്യസനപാത്രമോ?

പേജ് 3-ൽ നിന്നും തുടർച്ച


ഒന്നു വിശാലമാക്കാൻ പ്രാർത്ഥിച്ചപ്പോൾ ദൈവം അവന്റെ അതിരിനെ പട്ടണത്തോളം വിശാലമാക്കി. ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായ വിശാലത.

ഈ നാളുകളിൽ വ്യസനപാത്രമെന്ന ജീവിതരീതിയ്ക്കു വിടനൽകി ദൈവസന്നിധിയിൽ താണിരിക്കുക. നമ്മുടെ ആവശ്യങ്ങൾ അക്കമിട്ടു ദൈവസന്നിധിയിൽ അറിയിക്കുക. ലോകത്തിന്റെ മുമ്പിൽ കരയേണ്ടാ. ദൈവം നിന്നെ മാനിക്കും. എന്റെ പേരിൽ ഈ പട്ടണം അറിയപ്പെടും എന്ന വിശാലതയോടെ പ്രാർത്ഥിക്കാം. ദൈവം പ്രവർത്തിക്കും നിശ്ചയം.

സകലരാലും മാറ്റിനിർത്തപ്പെട്ട അവസ്ഥയിൽ നിന്നും നമുക്കു പുറത്തുവരാം. ദൈവവുമായി പ്രാർത്ഥനയുടെ ഉടമ്പടിയിലാകാം. ശാപങ്ങൾ മാറ്റി പുതുസൃഷ്ടിയായി അവൻ എഴുന്നേൽപ്പിക്കും. യബ്ബേസിന്റെ പ്രാർത്ഥനാജീവിതത്തെ മാതൃകയാക്കാം. അപമാനിതനായവനെ മാനപാത്രമാക്കുന്ന ദൈവം നമ്മെയും ഒന്നു പണിയട്ടെ. അപേക്ഷിക്കുന്നവനെ ഉപേക്ഷിക്കാത്ത കർത്താവ് തന്റെ പ്രവൃത്തി നമ്മിൽ വെളിപ്പെടുത്തുന്ന നാളുകൾ വിദൂരമല്ല. ലോകം എഴുതിയ വിധികളെ ദൈവം തിരുത്തട്ടെ. ആരാലും തടയപ്പെടാൻ കഴിയാത്ത അനുഗ്രഹത്തിന്റെ തുടക്കം അതിലൂടെ സംഭവിക്കട്ടെ. ആമേൻ.

## നിത്യതയിൽ

### മാത്യു (86)



കോട്ടയം: വടവാതൂർ മാത്യു (86) ഞാറയ്ക്കൽ (വാഴൂർ) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. നവംബർ 2 ന് W.M.M ചർച്ചിൽ ശവസംസ്കാര ശുശ്രൂഷ നടത്തി. ഭാര്യ മേരിമാത്യു തകിടിയിൽ കുടുംബാംഗമാണ്. മക്കൾ: സണ്ണി മാത്യു, സൈമൺ മാത്യു, വിൽസൺ മാത്യു (MRF), റോയിച്ചൻ, സിബി മാത്യു (MRF). മരുമക്കൾ: ലിസി, ഡെയ്സി, ബിന്ദു, അജിനി, മിനി.

### ഷീബാ എൽദോ (43)



കുന്നംകുളം: ഐ.പി.സി. കുന്നംകുളം സെന്റർ, പറപ്പൂർ സഭാശുശ്രൂഷകൻ പാസ്റ്റർ കെ.പി.എൽദോയുടെ സഹധർമ്മിണി സിസ്റ്റ. ഷീബാ എൽദോ (43) നവംബർ 12 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. നവംബർ 13 ന് തിങ്കളാഴ്ച പറപ്പൂർ ഐ.പി.സി.ഹാളിൽ നടന്ന സംസ്കാരശുശ്രൂഷകൾക്ക് കുന്നംകുളം സെന്ററിലെ ദൈവദാസന്മാർ നേതൃത്വം നൽകി. ഏകമകൾ: ഏയ്ഞ്ചൽ അന്ന എൽദോ.

### വി.വി. ചാക്കോ (80)



പെരിന്തൽമണ്ണ: ഐ.പി.സി. അങ്ങാടിപ്പുറം സഭാംഗം മുളയത്ത് വി.വി. ചാക്കോ (80) ഒക്ടോ.14 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. പരേതയായ ഏലിക്കുട്ടിയാണ് ഭാര്യ. അങ്ങാടിപ്പുറം സഭയിലെ ആദ്യകാല വിശ്വാസിയായ പരേതൻ സുവിശേഷപ്രവർത്തനങ്ങളിൽ സജീവമായിരുന്നു. സഭാശുശ്രൂഷകൻ പാസ്റ്റർ സജി കെ. മാത്യു ശുശ്രൂഷകൾക്കു നേതൃത്വം നൽകി. മക്കൾ: പാസ്റ്റർ എം.സി. വർഗ്ഗീസ്, എം.സി. റെജി, പാസ്റ്റർ എം.സി. ബിജു. മരുമക്കൾ: ബെറ്റി, ബിൻസി, ഷൈനി.

VISION VOICE
News Magazine

PRIVATE CIRCULATION ONLY

VISION VOICE
Wandoor P.O.,Nliambur, Malappuram - 679 328, Kerala
Ph.: 8138886600, Email: visionvoicewdr@gmail.com
**Yearly Subscription Rs.150/-**


## ഇന്നു തന്നെ നിങ്ങളുടെ കോപ്പി ഉറപ്പാക്കുക!




**Rs.30/- മാത്രം**

**മലബാറിലെ മുഴുവൻ പെന്തെക്കോസ്തു പാസ്റ്റേഴ്സിന്റെയും ഫോൺ നമ്പരുകൾ ഉൾപ്പെടുത്തി ഇദംപ്രഥമമായി ഒരു ഡയറക്ടറി**

ഒരു വിഷൻ വോയ്സ് പ്രസിദ്ധീകരണം

# RHEMA TRANSNATIONAL

**Staffing Solutions**

Licence No: B-0753/KER/PER/1000+5/9153/2015

## JOB VACANCIES IN EUROPE

- Automovtive Mechanic (Heavy)/ Body Repair
- Heavy equipment driver/Heavy Driver
- Gypsum Carpenter/Worker
- Spray Painter (Automobile)
- Ac Technician
- Pipe Fitter
- Truck Driver
- Bus Driver

(Caregiver Vacanies with and Without ILTS)

**NURSES**

Nurses need IELTS overall 6 for Malta, Europe GNM/BSc with 3yrs experience. Male and Female Nurses needed. Salary 2 to 5 Lakhs per month, urgent

**ELIGIBILITY**

» All Candidates Should Be able to
» Communicate English Well
» No need to get IELTS
» Age should be 24 completed
» Minimum 3yrs work Experience



Submit only your detailed CV with Photo, we will contact you back

Contact number : +919847021742
Post CV at : www.rhema.com.in
Mail to: Rhemahr07@gmail.com

**അവിശ്വസിനീയമായ വിലക്കുറവിൽ നിലമ്പൂർ ഡിപ്പോ തേക്ക്, പലതരം തടികൾ മിതമായ വിലയ്ക്ക്. മൊത്തമായും, ചില്ലറയായും വിൽക്കപ്പെടുന്നു.**

# VEE VEES TIMBERS

LIC Road, Nilambur- 679329
Malappuram DT., Kerala
Tel : 04931 - 222 448 (Resi)
E-mail: veeveestimbers@gmail.com
vasudhahos@gmail.com
www : veeveestimbers

**Dealers : Nilambur Golden Teak**

**Ph: 9946416137, 9446022412**



# NEX

"Next Generation Film" TM







**പ്ലാസ്റ്റിക് ഷീറ്റുകൾ എത് അളവിലും എറ്റവും കുറഞ്ഞ വിലയ്ക്ക് നിർമ്മിച്ചു നൽകുന്നു**

## നെക്സ് ടാർപോളിന്റെ പ്രത്യേകതകൾ

- മൾട്ടി ലെയർ ക്രോസ് ലാമിനേറ്റഡ് പ്ലാസ്റ്റിക് ഷീറ്റ്
- മികച്ച ഗുണമേന്മയും ഉറപ്പും ലഭിക്കുന്നു
- ഏത് കാലാവസ്ഥയിലും ഉചിതം
- നോർത്ത് അമേരിക്കൻ സങ്കേതികവിദ്യയിൽ നിർമ്മിച്ചത്

**റെയിൻകോട്ട് , U.V ഫിലിം, നൈലോൺ ടാർപോളിൻ, കോഴി ഫാം, ജലസംഭരണി, പന്തൽ, മത്സ്യ കുളം മുതലായ എല്ലാവിധ ആവശ്യത്തിനും ടാർപോളിൻ നിർമ്മിച്ചു നൽകുന്നു**

# GEO TARPAULIN

**PAYYANUR, KANNUR (DIST), KERALA**
**Mob: 9446245806 , 04985206775**

100 % WATER PROOF
AVAILABLE IN WHOLESALE & RETAIL


Printed, Published & Owned by Pastor Anil John. Published at IPC Gilgal Wandoor.P.O., Malappuram. Chief Editor - Pastor Anil John